I. ഇ.ബി. XV-കേരള നിയമസഭ/XIII-22

**പതിനഞ്ചാം കേരള നിയമസഭ**

പതിമൂന്നാം സമ്മേളനം

**നിയമസഭാ നടപടികൾ-സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2025 മാർച്ച് 25, ചൊവ്വ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(രാവിലെ 9.00 മുതൽ 10.00 വരെ ചോദ്യോത്തര സമയം)

## I നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം

ഡാമുകൾക്ക് ചുറ്റും ബഫർ സോൺ പ്രഖ്യാപിച്ചതുമൂലമുള്ള പ്രതിസന്ധി

മി. സ്പീക്കർ: ജലവിഭവ വകുപ്പിനുകീഴിലുള്ള അണക്കെട്ടുകളുടെ ജലനിരപ്പിൽനിന്നും 20 മീറ്റർ വരെയുള്ള പ്രദേശം ബഫർ സോണായി പ്രഖ്യാപിക്കുകയും ഇതിന് പുറത്തുള്ള 100 മീറ്റർ ചുറ്റളവിൽ നിർമ്മാണത്തിന് എൻ.ഒ.സി. നിഷ്കർഷിക്കുകയും ചെയ്ത സർക്കാർ ഉത്തരവുമൂലം ഡാമുകൾക്ക് ചുറ്റിലും താമസിക്കുന്ന ജനങ്ങൾക്ക് ഉളവായിട്ടുള്ളതായി പറയപ്പെടുന്ന പ്രതിസന്ധി ചർച്ച ചെയ്യുന്നതിനായി

സഭാനടപടികൾ നിർത്തിവയ്ക്കണമെന്നാവശ്യപ്പെട്ട് സർവശ്രീ മോൻസ് ജോസഫ്, അൻവർ സാദത്ത്, പി. ഉബൈദുള്ള, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): ഡാമുകളും അതിനോടനുബന്ധിച്ചുള്ള നിർമ്മിതികളും സംരക്ഷിക്കുന്നതിനായി നിശ്ചിത അകലം പാലിച്ചുകൊണ്ട് നിർമ്മാണപ്രവർത്തനങ്ങൾ നടത്തേണ്ടത് അനിവാര്യമാണ്. ദുരന്തങ്ങളുണ്ടാകുന്ന സമയത്ത് രക്ഷാപ്രവർത്തനങ്ങൾ മുന്നിൽകണ്ടുകൊണ്ടുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. ഈ വിഷയം രാഷ്ട്രീയവത്കരിക്കാൻ ശ്രമിക്കാതെ പൊതു ആവശ്യമായി കാണേണ്ടതാണ്. പഴശ്ശി ഡാമിനടുത്ത് താമസിക്കുന്ന ശ്രീ. സുരേഷ് കുമാറിന്റെ അപേക്ഷ പരിശോധിച്ചതിൽ കെട്ടിടം ജലനിരപ്പിൽനിന്നും 10 മീറ്റർ ഉള്ളിലാണെന്നും മുൻകൂർ അനുമതിയില്ലാതെ കെട്ടിയതാണെന്നും കണ്ടെത്തിയതിനാൽ വിഷയം പരിശോധിച്ച് വരികയാണ്. ശ്രീമതി ദീപയുടെ അപേക്ഷ പരിശോധിച്ച് റഗുലറൈസ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ഡാമുകൾക്ക് ചുറ്റും ബഫർ സോൺ പ്രഖ്യാപിക്കുന്നതുമായി ബന്ധപ്പെട്ട വിഷയത്തിൽ ജനങ്ങളിൽ ആശങ്ക

നിലനിൽക്കുന്നുവെന്ന് ബോധ്യപ്പെട്ട സാഹചര്യത്തിൽ 26-12-2024-ലെ സർക്കാർ ഉത്തരവ് അന്തിമമായി പരിഗണിക്കേണ്ടതില്ലെന്നും ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കാത്ത തരത്തിൽ ഉത്തരവിൽ ചില മാറ്റങ്ങൾ വരുത്തി പ്രശ്നം പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കുന്നതുമാണ്.

ശ്രീ. മോൻസ് ജോസഫ്: ജലവിഭവ വകുപ്പിന്റെ അധീനതയിലുള്ള അണക്കെട്ടുകൾക്ക് ചുറ്റും ബഫർ സോൺ പ്രഖ്യാപിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും എല്ലാ നിർമ്മാണ പ്രവർത്തനങ്ങൾക്കും എൻ.ഒ.സി. നിർബന്ധമാക്കുകയും ചെയ്തതുമൂലം സംസ്ഥാനത്തെ ജനങ്ങൾ ദുരിതത്തിലായിരിക്കുകയാണ്. സംസ്ഥാനത്തെ ഭൂരിഭാഗം ജില്ലകളെയും ഈ പ്രശ്നം ബാധിക്കുന്നുണ്ട്. എൻ.ഒ.സി.-ക്കായി സമീപിക്കുന്നവരെ ബുദ്ധിമുട്ടിലാക്കുന്ന സമീപനം ഒഴിവാക്കാനായി ടി ഉത്തരവ് മരവിപ്പിക്കാനും ഇതുസംബന്ധിച്ച് മലയോര മേഖലയിലെ ജനപ്രതിനിധികളുമായി ചർച്ച ചെയ്യാനും തയ്യാറാകണം. ഈ വിഷയം ചർച്ച ചെയ്യുന്നതിനായി സഭാനടപടികൾ നിർത്തിവയ്ക്കണം.

ശ്രീ. റോഷി അഗസ്റ്റിൻ: ലഭ്യമായ അപേക്ഷകളിൽ അണക്കെട്ടുകളുടെ പരമാവധി ജലനിരപ്പിൽനിന്നും കരയുടെ ഭാഗത്തേക്ക് 15 മീറ്റർ വരെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. കർഷകരെ

ദോഷമായി ബാധിക്കുന്ന ഒരു നിലപാടും സർക്കാർ സ്വീകരിച്ചിട്ടില്ല. ജനങ്ങളുടെ ആശങ്ക അകറ്റാനായി 1964-ലെ ഭൂപതിവ് ചട്ടങ്ങളിൽ ഭേദഗതി വരുത്തും. ഇറിഗേഷൻ വകുപ്പ് പൊന്നുംവിലയ്ക്ക് വാങ്ങിയ സ്ഥലം വർഷങ്ങളായി കൈവശം വച്ചിരിക്കുന്നവർക്ക് പട്ടയം നൽകാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. മലങ്കര, കാഞ്ഞാർ, കൊടയത്തൂർ തുടങ്ങിയ സ്ഥലങ്ങളിൽ ഇറിഗേഷൻ ടൂറിസം നടപ്പാക്കും. കായികരംഗത്തെ പ്രോത്സാഹിപ്പിക്കാൻ കളിസ്ഥല നിർമ്മാണത്തിനായി നിലവിൽ ഇറിഗേഷൻ വകുപ്പിന്റെ ഉപയോഗശൂന്യമായ സ്ഥലം വിട്ടുനൽകും. ആയതിനാൽ ഈ വിഷയം ചർച്ച ചെയ്യുന്നതിനായി സഭാനടപടികൾ നിർത്തിവയ്ക്കേണ്ടതില്ല.

(നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന് അവതരണാനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർക്കാർ ഉത്തരവ് പിൻവലിക്കുമെന്ന് ഉറപ്പുനൽകണം.

ശ്രീ. റോഷി അഗസ്റ്റിൻ: ആശങ്കകളും ആശയക്കുഴപ്പവും സൃഷ്ടിക്കുമെന്ന് ബോധ്യപ്പെട്ടതിനാൽ മേല്പറഞ്ഞ ഉത്തരവ് നടപ്പാക്കുകയില്ല. തുടർനടപടികൾ ബന്ധപ്പെട്ട എം.എൽ.എ.-മാരുമായി കൂടിയാലോചിച്ച് തീരുമാനിക്കാം.

## II ശ്രദ്ധക്ഷണിക്കൽ

### (1) ജസ്റ്റിസ് ജെ. ബി. കോശി കമ്മീഷൻ റിപ്പോർട്ട് പ്രസിദ്ധീകരിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. ടി. സിദ്ദിഖ്: സംസ്ഥാനത്തെ ക്രൈസ്തവ ന്യൂനപക്ഷങ്ങളുടെ വിദ്യാഭ്യാസ, സാമൂഹിക, സാമ്പത്തിക, പിന്നാക്കാവസ്ഥ സംബന്ധിച്ച് പ്രശ്നങ്ങൾ പഠിക്കുന്നതിനായി നിയോഗിച്ച ജസ്റ്റിസ് ജെ.ബി. കോശി കമ്മീഷൻ സർക്കാരിന് സമർപ്പിച്ച റിപ്പോർട്ട് പ്രസിദ്ധീകരിക്കുകയും ശിപാർശകളിന്മേൽ തുടർനടപടി സ്വീകരിക്കുകയും ചെയ്യണം.

ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): ക്രിസ്ത്യൻ ന്യൂനപക്ഷങ്ങളുടെ പിന്നാക്കാവസ്ഥയും ക്ഷേമവും സംബന്ധിച്ച വിഷയങ്ങൾ പഠിക്കുന്നതിനായി നിയോഗിച്ച ജസ്റ്റിസ് ജെ.ബി. കോശി കമ്മീഷൻ റിപ്പോർട്ട് സർക്കാർ മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകൾ പരിശോധിച്ച് അഭിപ്രായം സമർപ്പിക്കാൻ ചീഫ് സെക്രട്ടറി അധ്യക്ഷനായി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി കമ്മീഷൻ ശിപാർശകളിന്മേൽ ബന്ധപ്പെട്ട വകുപ്പുകൾ സ്വീകരിക്കേണ്ട നടപടികൾ പരിശോധിച്ച് തുടർനടപടികൾ സ്വീകരിച്ചുവരുന്നു. 152 ശിപാർശകൾ വിവിധ വകുപ്പുകൾ നടപ്പാക്കിയിട്ടുണ്ട്. മന്ത്രിസഭയുടെ പരിഗണനയ്ക്കുവരേണ്ട പതിനൊന്ന്

ശിപാർശകളും കേന്ദ്ര സർക്കാരുമായി ചർച്ച ചെയ്യേണ്ടവയുമൊഴികെ നടപ്പാക്കാൻ കഴിയാത്ത ശിപാർശകളേതെല്ലാമെന്ന് തരംതിരിച്ച് പട്ടിക തയ്യാറാക്കാനും മന്ത്രിസഭയുടെ പരിഗണനയ്ക്കെടുക്കേണ്ടവ കാലതാമസം കൂടാതെ സമർപ്പിക്കാനും കേന്ദ്ര ഗവൺമെന്റുമായി ബന്ധപ്പെട്ട വിഷയങ്ങൾ പരിഹരിക്കുന്നതിനായി വിവിധ മന്ത്രാലയങ്ങളുമായി ബന്ധപ്പെടാനും നിർദേശിച്ചിട്ടുണ്ട്. നടപടിക്രമങ്ങൾ ഉടൻതന്നെ പൂർത്തിയാക്കി കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കുന്നതാണ്. പ്രസ്തുത ശിപാർശയിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് കാലതാമസംകൂടാതെ സമർപ്പിക്കുന്നതാണ്.

(2) ജനാധിപത്യ അവകാശങ്ങൾ സംരക്ഷിക്കുന്നതിന് നിയമ നിർമ്മാണം

ശ്രീ. ഇ. കെ. വിജയൻ: സംസ്ഥാനത്ത് പൊതുജനങ്ങൾക്ക് പാതയോരങ്ങളിൽ ഒത്തുചേരൽ, പ്രകടനങ്ങളിൽ പങ്കെടുക്കൽ, പ്രചാരണ ബോർഡുകൾ സ്ഥാപിക്കൽ തുടങ്ങിയ ജനാധിപത്യ അവകാശങ്ങൾ സംരക്ഷിക്കുന്നതിനായി മാർഗ്ഗരേഖ തയ്യാറാക്കുന്നതിനും നിയമനിർമ്മാണം നടത്തുന്നതിനും നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി: (ശ്രീ. എം. ബി. രാജേഷ്): പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് നിലവിലുള്ള ഹൈക്കോടതി ഉത്തരവുകളുടെ അന്ത:സത്ത

ഉൾക്കൊണ്ടുകൊണ്ടും സുരക്ഷയ്ക്ക് ഭീഷണിയില്ലാതെയും മിതമായ നിരക്കിൽ നിശ്ചിത ഫീസ് ഈടാക്കി പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടില്ലാത്ത തരത്തിൽ നിയമവിരുദ്ധമല്ലാത്ത സാമഗ്രികൾ ഉപയോഗിച്ചുകൊണ്ട് പ്രചാരണം നടത്തുന്നതിനാവശ്യമായ നിയമനിർമ്മാണം കൊണ്ടുവരാൻ തീരുമാനമെടുത്തിട്ടുണ്ട്. ഇതുസംബന്ധിച്ച പ്രൊപ്പോസൽ ലഭിക്കുന്നമുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതുമാണ്.

## III സബ്മിഷൻ

### (1) എൻ.എസ്.എസ്. എയ്ഡഡ് സ്കൂളുകളിലെ നിയമനങ്ങൾ സ്ഥിരപ്പെടുത്തൽ

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): ഭിന്നശേഷി വിഭാഗങ്ങൾക്കുള്ള സംവരണ തസ്തികകളൊഴികെയുള്ള തസ്തികകളിൽ സ്ഥിരനിയമനം നടത്താമെന്ന സർക്കാർ ഉത്തരവ് എല്ലാ മാനേജ്മെന്റ് സ്ഥാപനങ്ങളിലും ബാധകമാക്കാൻ നടപടി സ്വീകരിക്കണം.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): എൻ.എസ്.എസ്.-ന്റെ കീഴിലുള്ള സ്കൂളുകളിൽ ഭിന്നശേഷി നിയമനത്തിന് മാറ്റിവച്ചിട്ടുള്ള തസ്തികകളൊഴികെയുള്ള സീറ്റുകളിൽ സ്ഥിരം നിയമനം നടത്താൻ അനുവാദം നൽകിക്കൊണ്ട് ബഹു. സുപ്രീം കോടതി പുറപ്പെടുവിച്ച വിധിയുടെ അടിസ്ഥാനത്തിൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

സമാന സ്വഭാവമുള്ള മറ്റ് മാനേജ്മെന്റ് സ്കൂളുകളിലും ടി ഉത്തരവ് ബാധകമാക്കുന്ന കാര്യം അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശവും നിയമ വകുപ്പിന്റെ അഭിപ്രായവും ലഭ്യമാക്കി പരിശോധിക്കുന്നതാണ്.

(2) പി.എസ്.സി.-യുമായി ബന്ധപ്പെട്ട് ഉദ്യോഗാർഥികൾക്കുള്ള ആശങ്ക

ശ്രീ. ഐ. ബി. സതീഷ്: പി.എസ്.സി. റാങ്ക് ലിസ്റ്റിൽ ഒഴിവുകളുടെ മൂന്നിരട്ടിയോളം ഉദ്യോഗാർഥികളെ ഉൾക്കൊള്ളിക്കുന്നതുമൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി ഓരോ വർഷവും വിവിധ വകുപ്പുകളിലെ ഒഴിവുകൾ മുൻകൂട്ടി കണക്കാക്കി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാനുള്ള നടപടി സ്വീകരിക്കണം.

(മറുപടി മേശപ്പുറത്തുവച്ചു.)

(3) അരൂർ-പെരുമ്പളം, കാക്കാതുരുത്ത് ദ്വീപുകളിൽനിന്നും ജല മെട്രോ

ശ്രീമതി ദെലീമ: അരൂർ-പെരുമ്പളം, കാക്കാതുരുത്ത് ദ്വീപുകളിലേക്ക് കൊച്ചി വാട്ടർ മെട്രോ സർവീസ് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

(മറുപടി മേശപ്പുറത്തുവച്ചു.)

(4) വിമാന യാത്രാക്കൂലി വർധനവ്

ശ്രീ. പി. ടി. എ. റഹീം: കോഴിക്കോട് എയർപോർട്ടിൽനിന്നുള്ള ഹജ്ജ് യാത്രയ്ക്ക് മറ്റ് എംബാർക്കേഷൻ പോയിന്റുകളെ അപേക്ഷിച്ച് കൂടുതൽ തുക ഈടാക്കുന്നതും പ്രവാസികളുടെ അവധിക്കാല യാത്രയെ ബാധിക്കുന്ന തരത്തിലുള്ള വിമാനക്കൂലിയുടെ അനിയന്ത്രിതമായ വർധനവും കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തണം.

(മറുപടി മേശപ്പുറത്തുവച്ചു.)

(5) പടന്നക്കാട് മേല്പാലം-വെള്ളരിക്കുണ്ട് റോഡ്

ശ്രീ. ഇ. ചന്ദ്രശേഖരൻ: കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിലെ പടന്നക്കാട് മേല്പാലം-വെള്ളരിക്കുണ്ട് റോഡിന്റെ പ്രവൃത്തി പൂർത്തീകരിക്കുന്നതിനായി 83.19 കോടി രൂപയുടെ അഡീഷണൽ ഫിനാൻഷ്യൽ സാങ്ഷൻ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

(മറുപടി മേശപ്പുറത്തുവച്ചു.)

(6) ഇടുക്കി പാക്കേജ്

ശ്രീ. എ. രാജ: ഇടുക്കി ജില്ലയുടെ സമഗ്ര വികസനത്തിനായുള്ള ഇടുക്കി പാക്കേജിന് ബജറ്റിൽ തുക വകയിരുത്തുന്നതിനുള്ള നടപടി സ്വീകരിക്കണം.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): ഇടുക്കി, കാസർഗോഡ്, വയനാട് പാക്കേജുകൾക്ക് ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്.

(7) എഴുത്തോംപാറ പാലം നിർമ്മാണം

ശ്രീമതി ശാന്തകുമാരി കെ.: 2017-ലെ പ്രളയത്തിൽ തകർന്ന എഴുത്തോംപാറ പാലത്തിന്റെ നിർമ്മാണം അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): കോങ്ങാട് നിയോജകമണ്ഡലത്തിലെ എഴുത്താംപാറ പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് മാർച്ച് മാസത്തിൽത്തന്നെ ടെൻഡർ നോട്ടീസ് പ്രസിദ്ധീകരിക്കുന്ന വിധത്തിൽ നടപടികൾ പുരോഗമിക്കുകയാണ്.

(8) പാനൂർ താലൂക്ക് ആശുപത്രിയുടെ വികസനം

ശ്രീ. കെ. പി. മോഹനൻ: പാനൂർ താലൂക്ക് ആശുപത്രിയുടെ വികസനത്തിനായി യുദ്ധകാലാടിസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): പാന്തുർ താലൂക്ക് ആശുപത്രി വികസനത്തിനായി ഡീറ്റെയിൽഡ് വാല്യുവേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(9) ആനാട്-കുറുപുഴ-പാലോട് കുടിവെള്ള പദ്ധതി

ശ്രീ. ഡി. കെ. മുരളി: വാമനപുരം നിയോജകമണ്ഡലത്തിലുൾപ്പെട്ട ആനാട്-കുറുപുഴ-പാലോട് കുടിവെള്ള പദ്ധതി പൂർത്തീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): ആനാട്-കുറുപുഴ-പാലോട് കുടിവെള്ള പദ്ധതി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരികയാണ്.

(10) കുളങ്ങൾ നവീകരിക്കൽ

ശ്രീ. പി. മമ്മിക്കുട്ടി: ഗ്രാമീണ മേഖലകളിലെ കുളങ്ങളും ജലാശയങ്ങളും സംരക്ഷിച്ചുകൊണ്ട് ജലസംഭരണശേഷി വർധിപ്പിക്കുന്നതിനായി നബാർഡിന്റെ വ്യവസ്ഥകളിൽ മാറ്റം വരുത്തി ചുരുങ്ങിയത് 5 കോടി രൂപയുടെ പ്രവൃത്തികൾ പരിഗണിക്കുകയോ വിവിധ പദ്ധതികൾ ചേർത്ത്

25 കോടി രൂപയുടെ ഒറ്റ യൂണിറ്റായി പരിഗണിക്കുകയോ ചെയ്ത് നിർമ്മാണ പ്രവർത്തനം നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): ഇക്കാര്യത്തിൽ നബാർഡിന്റെ അനുമതി ലഭിക്കേണ്ടതുണ്ട്.

(11) വാഴാനി ജലസേചന പദ്ധതി

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: തകർച്ചയിലായ വാഴാനി ജലസേചന പദ്ധതി പുനരുദ്ധരിക്കുന്നതിനായി കൂടുതൽ തുക അനുവദിക്കുകയും പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുകയും ചെയ്യണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): വാഴാനി ജലസേചന പദ്ധതിയുമായി ബന്ധപ്പെട്ട പ്രവൃത്തികൾ നിലവിൽ പുരോഗമിച്ചുവരികയാണ്.

(12) ഒറ്റശേഖരമംഗലത്ത് 110 കെ.വി. സബ്സ്റ്റേഷൻ

ശ്രീ. സി. കെ. ഹരീന്ദ്രൻ: വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി ഒറ്റശേഖരമംഗലത്ത് 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കണം.

വൈദ്യതി വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): ഒറ്റശേഖരമംഗലത്തുനിന്നും 2.2 കിലോമീറ്റർ ദൂരത്തിൽ 110 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിന് സാങ്കേതികാനുമതിയും ഭരണാനുമതിയും ലഭ്യമാകുന്ന മുറയ്ക്ക് ഭൂമി ഏറ്റെടുത്ത് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(13) സമരത്തിൽ പങ്കെടുത്തവർക്കെതിരായ നിയമ നടപടി ഒഴിവാക്കൽ

ശ്രീ. ആന്റണി ജോൺ: ആലുവ-മൂന്നാർ രാജപാത പൊതുജനങ്ങൾക്കായി തുറന്നുകൊടുക്കുന്നതുമായി ബന്ധപ്പെട്ട് നടന്ന സമരത്തിൽ പങ്കെടുത്തവർക്കെതിരെയുള്ള കേസുകൾ പിൻവലിക്കുന്നതിന് വനം വകുപ്പ് നടപടി സ്വീകരിക്കണം.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും അനുസരിച്ചാണ് ഇക്കാര്യത്തിൽ വനം വകുപ്പ് പ്രവർത്തിച്ചിട്ടുള്ളത്. സമരക്കാരുടെ ഭാഗത്തുനിന്നും നിയമവിരുദ്ധ പ്രവർത്തനങ്ങളുണ്ടായിട്ടുണ്ടെങ്കിൽ അത് അന്വേഷിക്കാനും കേസ് പരിശോധിച്ചതിനുശേഷം ആവശ്യമായ നടപടികൾ സ്വീകരിക്കാനും നിർദേശം നൽകിയിട്ടുണ്ട്.

## (14) പ്ലാന്റേഷൻ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടി

ശ്രീ. റോജി എം. ജോൺ: പ്ലാന്റേഷൻ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷൻ ശിപാർശകൾ നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കണം.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷൻ റിപ്പോർട്ടിന്റെയും ആസൂത്രണ ബോർഡിന്റെ ഓണററി കൺസൾട്ടന്റായിരുന്ന വി. നമശിവായം സമർപ്പിച്ച റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ രൂപീകരിച്ച പ്ലാന്റേഷൻ ഡയറക്ടറേറ്റ് പ്ലാന്റേഷൻ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ തുടർനടപടികൾ സ്വീകരിച്ചുവരികയാണ്.

## (15) കായംകുളം മുനിസിപ്പാലിറ്റിക്ക് 'എ' ഗ്രേഡ്

ശ്രീമതി യു. പ്രതിഭ: കേരളത്തിലെ ആദ്യകാല മുനിസിപ്പാലിറ്റികളിലൊന്നായ കായംകുളം മുനിസിപ്പാലിറ്റിയെ 'എ' ഗ്രേഡ് പട്ടികയിലേക്ക് ഉയർത്തുന്നതിന് നടപടി സ്വീകരിക്കണം.

(വിശദമായ മറുപടി മേശപ്പുറത്തുവച്ചു.)

(16) <u>പരസ്യ പ്രചാരണ പ്രവർത്തനങ്ങൾ</u>

<u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: പരസ്യ പ്രചാരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ഈ മേഖലയിലെ തൊഴിലാളികൾ നേരിടുന്ന പ്രയാസങ്ങൾ പരിഹരിക്കുന്നതിന് നിയമനിർമ്മാണം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കണം.

(വിശദമായ മറുപടി മേശപ്പുറത്തുവച്ചു.)

(17) <u>തൊഴിലാളികൾക്കുള്ള വേതനം വർധിപ്പിക്കൽ</u>

<u>ശ്രീ. സി. ആർ. മഹേഷ്</u>: കരുനാഗപ്പള്ളി തെങ്ങ് ഗവേഷണ കേന്ദ്രത്തിൽനിന്നും കൊട്ടാരക്കര, കടയ്ക്കൽ ഫാമുകളിലേക്ക് താൽക്കാലികമായി നിയോഗിക്കപ്പെട്ടവരുൾപ്പെടെയുള്ള കാഷ്വൽ തൊഴിലാളികൾക്ക് സ്ഥിരനിയമനം നൽകുന്നതിനും തൊഴിൽ ദിനങ്ങളും ആനുകൂല്യങ്ങളും വർധിപ്പിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (<u>ശ്രീ. പി. പ്രസാദ്</u>): കരുനാഗപ്പള്ളി തെങ്ങ് ഗവേഷണ കേന്ദ്രത്തെ പൂർണ്ണ സജ്ജമാക്കി മുഴുവൻ തൊഴിലാളികൾക്കും കൂടുതൽ തൊഴിൽ ദിനം നൽകുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കുന്നതാണ്.

(18) മലപ്പുറം ആർ. ടി. ഓഫീസിന് പുതിയ കെട്ടിടം

ശ്രീ. പി. ഉബൈദുള്ള: മലപ്പുറം റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ): പി.ഡബ്ല്യൂ.ഡി. (ബിൽഡിംഗ്സ്) വിഭാഗത്തിൽനിന്നും ഡിസൈൻ ലഭിച്ചാലുടൻ മലപ്പുറം റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിന് ആധുനിക സൗകര്യങ്ങളോടുകൂടിയ ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(19) വിരമിച്ച കപ്പൽ ജീവനക്കാർക്ക് പെൻഷൻ

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: വിരമിച്ച കപ്പൽ ജീവനക്കാർക്ക് പെൻഷൻ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണം.

(മറുപടി മേശപ്പുറത്തുവച്ചു.)

(20) പൂരങ്ങളെ തുടർന്നുള്ള വെടിക്കെട്ടിന് ഇളവ്

ശ്രീ. കെ. പ്രേംകുമാർ: ഒറ്റപ്പാലത്തെ വിവിധ പ്രദേശങ്ങളിൽ പൂരങ്ങളോടനുബന്ധിച്ച് നടത്തുന്ന വെടിക്കെട്ടിന് ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങളിൽ ഇളവനുദിക്കുന്നതിന് നടപടി സ്വീകരിക്കണം.

തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): കേന്ദ്രഗവൺമെന്റിന്റെ PESO (Petroleum and Explosives Safety Organization) ഗൈഡ്‌ലൈൻസ് അനുസരിച്ച് മാത്രമേ വെടിക്കെട്ട് നടത്താൻ കഴിയുകയുള്ളൂ.

(21) പോലീസ് വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ്

ശ്രീ. യു. എ. ലത്തീഫ്: എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള വിവിധ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിയമനം ലഭിക്കുന്നതിന് പൊലീസ് വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് നിർബന്ധമാക്കി പുറപ്പെടുവിച്ച ഉത്തരവ് പിൻവലിക്കുന്നതിന് നടപടി സ്വീകരിക്കണം.

(മറുപടി മേശപ്പുറത്തുവച്ചു .)

(22) പൊതുപ്രവേശന പരീക്ഷയിലെ ആശയക്കുഴപ്പം

ശ്രീ. ടി. സിദ്ദിഖ്: സംസ്ഥാന/ദേശീയ പൊതുപ്രവേശനപരീക്ഷകളിലെ ഇ.ഡബ്ല്യു.എസ്. സംവരണത്തിനായുള്ള പട്ടികയിൽ സീറോ മലബാർ സിറിയൻ കാത്തലിക് വിഭാഗത്തെ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണം.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്കുവേണ്ടിയുള്ള സംസ്ഥാന കമ്മീഷൻ പ്രസിദ്ധീകരിച്ച സംവരണേതര വിഭാഗങ്ങളുടെ പട്ടികയിലെ സിറിയൻ കാത്തലിക് (സീറോ മലബാർ കാത്തലിക്) എന്ന പേര് 'സീറോ മലബാർ സിറിയൻ കാത്തലിക് ' എന്നാക്കി മാറ്റണമെന്നാവശ്യപ്പെട്ട് സീറോ മലബാർ ആർച്ച്ബിഷപ്പ് നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിലാണ് പൊതുഭരണ വകുപ്പ് പേരിൽ മാറ്റം വരുത്തിയിട്ടുള്ളത്.

(23) ബൗദ്ധിക വെല്ലുവിളികൾ നേരിടുന്നവരുടെ പ്രശ്നങ്ങൾ

ശ്രീ. ജി. സ്റ്റീഫൻ: 18 വയസ്സിനുമുകളിൽ പ്രായമുള്ള ബൗദ്ധിക വെല്ലുവിളികൾ നേരിടുന്നവർക്കായി സർക്കാർ/സർക്കാരിതര സ്ഥാപനങ്ങളിലും ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററുകളിലും തൊഴിൽ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനും 'നിരാമയ' ഇൻഷ്വറൻസ് പ്രീമിയം സർക്കാർ ഏറ്റെടുക്കുന്നതിനും ബൗദ്ധിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് 25 ശതമാനം അധിക സാമൂഹ്യ പെൻഷൻ അനുവദിക്കുന്നതിനും 8 കുട്ടികളുള്ള സ്ഥാപനങ്ങൾക്ക് അംഗീകാരം നൽകുന്നതിനും സ്ഥാപനങ്ങൾക്ക് സംസ്ഥാന ഗവൺമെന്റിന്റെ ഗ്രാന്റ് ലഭിക്കുന്നതിനുള്ള

വിദ്യാർഥികളുടെ പ്രായപരിധി ഉയർത്തുന്നതിനും മെഡിക്കൽ സർട്ടിഫിക്കറ്റ്, യു.ഡി.ഐ.ഡി. കാർഡ് എന്നിവ സമയബന്ധിതമായി ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം.

(മറുപടി മേശപ്പുറത്തുവച്ചു.)

## (24) അധ്യാപകർക്ക് നിയമനാംഗീകാരവും സാമ്പത്തികാനുകൂല്യവും നൽകൽ

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: കേന്ദ്ര-സംസ്ഥാന വിദ്യാഭ്യാസനിയമവും ചട്ടങ്ങളും അനുസരിച്ച് സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ നിയമനം ലഭിച്ചിട്ടുള്ള മുഴുവൻ അധ്യാപക/അനധ്യാപക ജീവനക്കാർക്കും അംഗീകാരവും ശമ്പളവും നൽകാൻ നടപടി സ്വീകരിക്കണം.

(മറുപടി മേശപ്പുറത്തുവച്ചു .)

## (25) ദേശമംഗലം ഐ.ടി.ഐ.-യിലെ പഠനസൗകര്യം

ശ്രീ. യു. ആർ. പ്രദീപ്: ചേലക്കര നിയോജകമണ്ഡലത്തിലെ ദേശമംഗലം ഗവൺമെന്റ് ഐ.ടി.ഐ.-യിൽ കൂടുതൽ ട്രേഡുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

(മറുപടി മേശപ്പുറത്തുവച്ചു.)

(26) മണത്തല സ്കൂളിന്റെ കെട്ടിട നിർമ്മാണം

ശ്രീ. എൻ. കെ. അക്ബർ: ചാവക്കാട് മണത്തല ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിന്റെ കെട്ടിട നിർമ്മാണപ്രവർത്തനങ്ങൾ അടിയന്തരമായി ആരംഭിക്കുന്നതിനും ജൂൺ ഒന്നിനുമുൻപ് പ്രവൃത്തി പൂർത്തിയാക്കുന്നതിനും നടപടി സ്വീകരിക്കണം.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): ചാവക്കാട് മണത്തല ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിന്റെ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട വർക്ക് ഉടൻതന്നെ അവാർഡ് ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(27) വെഹിക്കുലർ അണ്ടർപാസ് മാറ്റിസ്ഥാപിക്കുന്നത് സംബന്ധിച്ച്

ഡോ. സുജിത് വിജയൻപിള്ള: ചവറ നിയോജകമണ്ഡലത്തിലെ നീണ്ടകര പഞ്ചായത്തിൽ പുതിയതായി അനുവദിച്ച വെഹിക്കുലർ അണ്ടർപാസ് വേട്ടുതറ ജങ്ഷനിലേക്ക് മാറ്റിസ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): ദേശീയപാത 66-ന്റെ പ്രവൃത്തിയുമായി ബന്ധപ്പെട്ടുവരുന്ന വെഹിക്കുലർ അണ്ടർപാസ് മാറ്റിസ്ഥാപിക്കുന്നത് സംബന്ധിച്ച് പ്രത്യേകമായി പരിശോധിക്കാൻ പൊതുമരാമത്ത് വകുപ്പുസെക്രട്ടറിക്ക് നിർദേശം നൽകിയിട്ടുണ്ട്. എൻ.എച്ച്.എ.ഐ. റീജിയണൽ ഓഫീസറുമായി ഇക്കാര്യം ചർച്ച ചെയ്യുന്നതാണ്.

(28) നച്യാട്-മണിക്കടവ്-കാഞ്ഞിരക്കൊല്ലി റോഡ് നിർമ്മാണം

ശ്രീ. സജീവ് ജോസഫ്: ഇരിക്കൂർ നിയോജകമണ്ഡലത്തിലെ നച്യാട്-മണിക്കടവ്-കാഞ്ഞിരക്കൊല്ലി റോഡിന്റെ നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും പ്രവൃത്തി പാതിവഴിയിൽ ഉപേക്ഷിച്ചുപോകുന്ന കരാറുകാരെ ടെർമിനേറ്റ് ചെയ്യുന്നതിനും നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): ഇരിക്കൂർ നിയോജകമണ്ഡലത്തിലെ നച്യാട്-മണിക്കടവ്-കാഞ്ഞിരക്കൊല്ലി റോഡിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് കരാറുകാരന് നോട്ടീസ് നൽകിയിട്ടുണ്ട്. പ്രവൃത്തി പൂർത്തിയാക്കാൻ തയ്യാറായില്ലെങ്കിൽ കർശന നടപടി സ്വീകരിക്കുന്നതാണ്.

(29) <u>ദേശീയപാത വികസനം</u>

<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: ദേശീയപാത വികസനവുമായി ബന്ധപ്പെട്ട് തിരൂർ നിയോജകമണ്ഡലത്തിലെ ചുങ്കം, ഉണ്ണിയാൽ പ്രദേശങ്ങളിലെ വെള്ളക്കെട്ട് പരിഹരിക്കുന്നതിനും രണ്ടത്താണി, വെട്ടിച്ചിറ എന്നിവിടങ്ങളിൽ ലിഫ്റ്റ് സൗകര്യത്തോടെ ഫൂട്ട് ഓവർ ബ്രിഡ്ജ് സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>): ദേശീയപാത 66-ന്റെ വികസനവുമായി ബന്ധപ്പെട്ട വിഷയം പരിഹരിക്കുന്നതിന് എൻ.എച്ച്.എ.ഐ.-യുമായി ചർച്ച നടത്തുന്നതാണ്.

(30) <u>മലയോരഹൈവേ എടപ്പറമ്പ് കോളിച്ചാൽ പൂർത്തീകരണം</u>

<u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: മലയോരഹൈവേ എടപ്പറമ്പ് കോളിച്ചാൽ റീച്ചിന്റെ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>): ഈ വിഷയം പരിഹരിക്കുന്നതിനാവശ്യമായ ഇടപെടൽ നടത്തുന്നതാണ്.

(31) <u>മൈനാഗപ്പള്ളി റെയിൽവേ മേല്പാലം</u>

<u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u>: മൈനാഗപ്പള്ളി റെയിൽവേ മേല്പാലം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>): ഈ വിഷയം ഫോളോ-അപ് ചെയ്യുന്നതിന് റോഡ്സ് ആൻഡ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള എം.ഡി.-യെ ചുമതലപ്പെടുത്തുന്നതാണ്.

(32) <u>കോതമംഗലം പുതുപ്പാടി-ഇരുമലപ്പടി റോഡ്</u>

<u>ഡോ. മാത്യു കുഴൽനാടൻ</u>: കോതമംഗലം പുതുപ്പാടി-ഇരുമലപ്പടി റോഡിന്റെ ടാറിങ് പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>): നബാർഡ് പദ്ധതിയുടെ അടിസ്ഥാനത്തിൽ അനുവദിച്ച പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട കൂടുതൽ കാര്യങ്ങൾ പരിശോധിക്കുന്നതാണ്.

(33) <u>കടലുകാണി ടൂറിസം പദ്ധതി</u>

<u>ശ്രീമതി ഒ. എസ്. അംബിക</u>: ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ പുളിമാത്ത് ഗ്രാമപഞ്ചായത്തിലെ കടലുകാണി ടൂറിസം പദ്ധതിയുടെ തുടർ പ്രവൃത്തികൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): കടലുകാണി ടൂറിസം പദ്ധതിയുടെ പുതിയ പ്രൊപ്പോസൽ തയ്യാറാക്കി മെസേഴ്സ് സിൽക്കിന് സമർപ്പിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(34) കുട്ടികൾ വീടുവിട്ടിറങ്ങിപ്പോകുന്ന പ്രശ്നത്തിന് പരിഹാരം

ശ്രീ. എ. പി. അനിൽകുമാർ: കുട്ടികൾ വീടുവിട്ടിറങ്ങിപ്പോകുന്ന പ്രവണത കൂടി വരുന്നതിനാൽ ഏത് സാഹചര്യമാണ് ഇവരെ ഇതിലേക്ക് നയിക്കുന്നതെന്ന് കണ്ടെത്തുന്നതിനും ഇതുസംബന്ധിച്ച് പഠനം നടത്തുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതു പ്രകാരം പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. ഒ. ആർ. കേളു): ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ വിഷയത്തിൽ സമഗ്രമായി ഇടപെടുന്നതിനും പരിഹാരം ഉണ്ടാക്കുന്നതിനും ഉതകുന്ന തരത്തിലുള്ള പദ്ധതികൾ നടപ്പാക്കുന്നതാണ്.

(35) കൊടുങ്ങല്ലൂർ താലൂക്കാശുപത്രിയിലെ മാലിന്യ സംസ്കരണ പ്ലാന്റ്

ശ്രീ. വി. ആർ. സുനിൽകുമാർ: കൊടുങ്ങല്ലൂർ താലൂക്കാശുപത്രിയിൽ മാലിന്യ സംസ്കരണ പ്ലാന്റ് നിർമ്മിക്കുന്നതിന് അടിയന്തര നടപടി

സ്വീകരിക്കണം.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതു പ്രകാരം പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. ഒ. ആർ. കേളു): നിലവിൽ പ്രസ്തുത പദ്ധതി ഏറ്റെടുത്ത് നടപ്പാക്കുന്നതിന് പൊതുമരാമത്ത് വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

### (36) അമിതമായി ചികിത്സാ ഫീസ് ഈടാക്കുന്ന ആശുപത്രികളെ നിയന്ത്രിക്കൽ

ശ്രീ. എച്ച്. സലാം: ചികിത്സാ ഫീസ് അമിതമായി ഈടാക്കുന്ന സ്വകാര്യ ആശുപത്രികളെ നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിക്കണം.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതു പ്രകാരം പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. ഒ. ആർ. കേളു): സ്വകാര്യ ആരോഗ്യ സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിന് നിയമം കൊണ്ടുവരികയും ചികിത്സാ ഫീസ് നിരക്ക് ആശുപത്രികളിൽ പ്രദർശിപ്പിക്കണമെന്ന നിർദേശം നൽകുകയും ചെയ്തിട്ടുണ്ട്.

### (37) കുന്നുമ്മൽ വോളിബോൾ അക്കാഡമി

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: കുന്നുമ്മൽ വോളിബോൾ അക്കാഡമിയുടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനും കുറ്റ്യാടി

നിയോജകമണ്ഡലത്തിലെ മറ്റ് പഞ്ചായത്തുകളിൽ കളിക്കളങ്ങൾ നിർമ്മിക്കുന്നതിനും നടപടി സ്വീകരിക്കണം.

ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): കുന്നുമ്മൽ വോളിബോൾ അക്കാഡമി നിർമ്മിക്കുന്നതിന് ഒരു കോടി രൂപ അനുവദിക്കുകയും പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. 'ഒരു പഞ്ചായത്തിൽ ഒരു കളിക്കളം' പദ്ധതി പ്രകാരം നൽകിയ അപേക്ഷയിന്മേൽ ജില്ലാ കളക്ടറുടെ സാങ്കേതികാനുമതി ലഭ്യമാകുന്ന മുറയ്ക്ക് കുറ്റ്യാടി നിയോജകമണ്ഡലത്തിലെ മറ്റ് പഞ്ചായത്തുകളിലും ഈ പദ്ധതി ആരംഭിക്കുന്നതാണ്.

## IV മേശപ്പുറത്തുവച്ച കടലാസുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസുകൾ മേശപ്പുറത്തുവച്ചു.

## V റിപ്പോർട്ട് സമർപ്പണം

താഴെപ്പറയുന്ന റിപ്പോർട്ടുകൾ സമർപ്പിച്ചു:

(1) എസ്റ്റിമേറ്റ് കമ്മിറ്റിയുടെ പതിനെട്ട് മുതൽ ഇരുപത് വരെയുള്ള റിപ്പോർട്ടുകൾ

(2) പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ മൂന്നാമത് റിപ്പോർട്ട്

(3) ഔദ്യൗഗിക ഭാഷ സംബന്ധിച്ച സമിതിയുടെ ആറാമത് റിപ്പോർട്ട്

## VI നിർദേശം 1 എ പ്രകാരമുള്ള വിശദീകരണം

വനം-വന്യജീവി വകുപ്പുമന്ത്രിയുടെ വസ്തുതാവിരുദ്ധമായ പ്രസ്താവന

ശ്രീ. എ. പി. അനിൽ കുമാർ: വന്യജീവി ആക്രമണം സംബന്ധിച്ച് 23-01-2025-ന് നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന്റെ അവതരണാനുമതി പരിഗണിച്ച വേളയിൽ, വനം-വന്യജീവി വകുപ്പ് ഉദ്യോഗസ്ഥർക്ക് അമിതാധികാരം നൽകുന്ന വ്യവസ്ഥകൾ ഉൾപ്പെടുത്തി 2013-ൽ ഉമ്മൻചാണ്ടി സർക്കാർ വനനിയമം ഭേദഗതി ചെയ്യാൻ നടപടി സ്വീകരിച്ചുവെന്നും പ്രസ്തുത ഭേദഗതി നിയമം നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭിക്കുമെന്നും വനം-വന്യജീവി വകുപ്പുമന്ത്രി പ്രസ്താവിച്ചിരുന്നു. എന്നാൽ വനനിയമം ഭേദഗതി ചെയ്തുകൊണ്ടുള്ള ബില്ലിന് അന്നത്തെ സംസ്ഥാന മന്ത്രിസഭ അംഗീകാരം നൽകുകയോ, ഗസറ്റിൽ പ്രസിദ്ധീകരിക്കുകയോ ചെയ്തിട്ടില്ലെന്ന് 11-02-2025-ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 910-ന് വനം-വന്യജീവി വകുപ്പുമന്ത്രി മറുപടി നൽകിയിട്ടുണ്ട്. ആയതിനാൽ വകുപ്പുമന്ത്രി നിയമസഭയിൽ നടത്തിയ വസ്തുതാവിരുദ്ധമായ പരാമർശം തിരുത്തണം.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): തെറ്റായ പ്രസ്താവന നടത്തേണ്ടിവന്നതിൽ ഖേദം പ്രകടിപ്പിക്കുന്നു. സംസാരത്തിനിടയിൽ സംഭവിച്ച പിശക് മനഃപൂർവം ആരെയും കുറ്റപ്പെടുത്താനോ സഭയെ തെറ്റിദ്ധരിപ്പിക്കാനോ ഉദ്ദേശിച്ചുള്ളതായിരുന്നില്ല.

## VII നിയമനിർമ്മാണകാര്യം

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപവും അനന്തര ഘട്ടങ്ങളും:

(i) 2025-ലെ കേരള സംസ്ഥാന സ്വകാര്യ സർവകലാശാലകൾ (സ്ഥാപനവും നിയന്ത്രണവും) ബിൽ (തുടർച്ച)

പതിനെട്ടാം വകുപ്പ്

901, 907 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

പതിനെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിനെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പത്തൊമ്പതാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു:

1399. ഖണ്ഡം 19(1)-ൽ "ഉദ്യോഗസ്ഥനായിരിക്കുന്നതും" എന്നതിന് പകരം

"ഓഫീസർ ആയിരിക്കുന്നതും" എന്ന് ചേർക്കുക.

916, 921, 931 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിച്ചു:

912. ഖണ്ഡം 19-ന്റെ മാർജിനൽ ശീർഷകത്തിൽ " ഫൈനാൻസ്" എന്നതിന് പകരം "ഫിനാൻസ്" എന്ന് ചേർക്കുക.

914. ഖണ്ഡം 19(1)-ൽ " ഫൈനാൻസ്" എന്നതിന് പകരം "ഫിനാൻസ്" എന്ന് ചേർക്കുക.

917. ഖണ്ഡം 19(2)-ൽ " ഫൈനാൻസ്" എന്നതിന് പകരം "ഫിനാൻസ്" എന്ന് ചേർക്കുക.

925. ഖണ്ഡം 19 (2)-ന്റെ ക്ലിപ്തനിബന്ധനയിൽ " ഫൈനാൻസ്" എന്നതിന് പകരം " ഫിനാൻസ് " എന്ന് ചേർക്കുക.

929. ഖണ്ഡം 19 (3)-ൽ " ഫൈനാൻസ്" എന്നതിന് പകരം " ഫിനാൻസ് " എന്ന് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പത്തൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പത്തൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## ഇരുപതാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി

അവതരിപ്പിച്ചു:

940. ഖണ്ഡം 20-ൽ “ അധികാരങ്ങളും” എന്നതിന് മുമ്പിൽ “ സേവന-
വേതന വ്യവസ്ഥകളും” എന്ന് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## ഇരുപത്തിയൊന്നാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു:

945. ഖണ്ഡം 21(ഇ)-ൽ "ഫൈനാൻസ് " എന്നതിന് പകരം "ഫിനാൻസ് " എന്ന് ചേർക്കുക.
947. ഖണ്ഡം 21(ജി)-ൽ "കൂടാതെ " എന്നത് ഒഴിവാക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## ഇരുപത്തി രണ്ടാം വകുപ്പ്

950, 952, 954, 958, 960, 961, 962, 966, 970, 977, 978, 979, 980 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ ഭേദഗതിയോടെ ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിച്ചു:

953. ഖണ്ഡം 22(1)(എഫ്) താഴെപ്പറയും പ്രകാരം മാറ്റുക.
“ (എഫ്) സ്പോൺസറിംഗ് ബോഡി നാമനിർദ്ദേശം ചെയ്യുന്ന നാല് വ്യക്തികൾ, അവരിൽ രണ്ടുപേർ പ്രഗത്ഭരായ വിദ്യാഭ്യാസ വിദഗ്ധരും ഒരാൾ വനിതയും ആയിരിക്കേണ്ടതാണ്.”

955. ഖണ്ഡം 22(1)(ഐ)-ക്കുപകരം ചുവടെപ്പറയുന്നവ ചേർക്കേണ്ടതാണ്.
“ (ഐ) സർവകലാശാല വകുപ്പുകളിലെ അദ്ധ്യാപകർ അവർക്കിടയിൽ നിന്നും തെരഞ്ഞെടുക്കുന്ന രണ്ട് അംഗങ്ങൾ.
(ജെ) സർവകലാശാല വിദ്യാർത്ഥി യൂണിയൻ ചെയർപേഴ്സൺ”

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിച്ചു:

957. ഖണ്ഡം 22(1)(ഐ)-ക്കുശേഷം "." എന്ന ചിഹ്നത്തിന് പകരം ";" എന്ന ചിഹ്നം ചേർക്കുക.

963. ഖണ്ഡം 22(3)-ൽ “ രണ്ട് ” എന്നതിന് പകരം “ മൂന്ന് ” എന്ന് ചേർക്കുക.

മന്ത്രി 950-ാം നമ്പർ ഭേദഗതി താഴെപ്പറയുന്ന ഭേദഗതിയോടെ

സ്വീകരിച്ചു:

950. ഖണ്ഡം 22(1)-ൽ "താഴെപറയുന്ന അംഗങ്ങൾ അടങ്ങിയിരിക്കേണ്ടതാണ്" എന്നതിന് പകരം "താഴെ പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ് " എന്ന് ചേർക്കുക.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു:

978. ഖണ്ഡം 22(5)(എഫ്) ൽ " പരിശ്രമത്തിന് " എന്നതിന് പകരം "പരിശ്രമങ്ങൾക്ക് " എന്ന് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികളും സ്വീകരിച്ച ഭേദഗതികളും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഇരുപത്തിമൂന്നാം വകുപ്പ്</u>

987, 988, 989, 990, 996, 1006, 1012, 1015 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു:

1011. ഖണ്ഡം 23(7)(എഫ്)-ൽ " സ്ഥാപിക്കുക" എന്നതിന് പകരം " ഏർപ്പെടുത്തുക" എന്ന് ചേർക്കുക.

മന്ത്രി 987-ാം നമ്പർ ഭേദഗതി താഴെപ്പറയുന്ന ഭേദഗതിയോടെ സ്വീകരിച്ചു:

987. ഖണ്ഡം 23(2)-ൽ "താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങിയിരിക്കേണ്ടതാണ്" എന്നതിന് പകരം "താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്" എന്ന് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച ഭേദഗതിയും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## ഇരുപത്തിനാലാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു:

1400. ഖണ്ഡം 24(2)(എഫ്)-ൽ "വിജ്ഞാനശാഖകളിലെ വ്യക്തികൾ/ വ്യവസായം/പൊതുമണ്ഡലം" എന്നതിന് പകരം "വിജ്ഞാനശാഖകൾ, വ്യവസായം, പൊതുമണ്ഡലം" എന്ന് ചേർക്കുക.

1021, 1023, 1026, 1027, 1029, 1031, 1032, 1039, 1045 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിച്ചു:

1017. ഖണ്ഡം 24(1)-ൽ " നയങ്ങൾ" എന്നതിന് ശേഷം " രൂപീകരിച്ച്" എന്ന് ചേർക്കുക.

1038. ഖണ്ഡം 24(4)-ൽ "." എന്ന ചിഹ്നത്തിന് പകരം ":" എന്ന ചിഹ്നം ചേർക്കുകയും താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കുകയും ചെയ്യുക.
"എന്നാൽ, സർക്കാർ നയങ്ങളോ നിർദ്ദേശങ്ങളോ ഉൾപ്പെടുന്ന വിഷയങ്ങളിൽ തീരുമാനമെടുക്കേണ്ട എല്ലാ യോഗങ്ങളിലും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന അംഗം പങ്കെടുക്കേണ്ടതാണ്."

മന്ത്രി 1021-ാം നമ്പർ ഭേദഗതി താഴെപ്പറയുന്ന ഭേദഗതിയോടെ സ്വീകരിച്ചു:

1021. ഖണ്ഡം 24(2)-ൽ " താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങിയിരിക്കേണ്ടതാണ്" എന്നതിന് പകരം " താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്" എന്ന് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികളും സ്വീകരിച്ച ഭേദഗതിയും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഇരുപത്തിയഞ്ചാം വകുപ്പ്</u>

1048, 1050, 1053, 1054 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു:

1049. ഖണ്ഡം 25(2)-ൽ " സ്റ്റാറ്റ്യൂട്ടുകളാൽ" എന്നതിന് മുൻപിൽ " ചുമതലകളും" എന്ന് ചേർക്കുക.

മന്ത്രി 1054-ാം നമ്പർ ഭേദഗതി താഴെപ്പറയുന്ന ഭേദഗതിയോടെ സ്വീകരിച്ചു:

1054. ഖണ്ഡം 25(3)-ന് ശേഷം (4) ആയി താഴെപ്പറയുന്നത് ചേർക്കുക.
" (4) ഓരോ പഠന ബോർഡിനും ഗവേണിംഗ് കൗൺസിൽ നാമനിർദ്ദേശം ചെയ്യുന്ന ഒരു ചെയർപേഴ്സൺ ഉണ്ടായിരിക്കേണ്ടതാണ്. ചെയർപേഴ്സൺ കുറഞ്ഞത് പത്ത് വർഷത്തെ റഗുലർ സർവ്വീസുള്ള അധ്യാപകൻ ആയിരിക്കേണ്ടതുമാണ്."

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച ഭേദഗതിയും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിഅഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിഅഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഇരുപത്തിയാറാം വകുപ്പ്</u>

1056, 1057, 1058, 1059, 1062, 1065, 1067, 1076, 1078, 1079 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു:

1072. ഖണ്ഡം 26 (4)-ന്റെ ക്ലിപ്തനിബന്ധന ഒഴിവാക്കുക.

1057-ാം നമ്പർ ഭേദഗതി താഴെപ്പറയുന്ന ഭേദഗതിയോടെ സ്വീകരിച്ചു.

1057. ഖണ്ഡം 26(2)-ൽ "താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങിയിരിക്കേണ്ടതാണ്" എന്നതിന് പകരം "താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്" എന്ന് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച ഭേദഗതിയും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഇരുപത്തിയേഴാം വകുപ്പ്

1082, 1086, 1088 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിച്ചു:

1081. ഖണ്ഡം 27 -ന്റെ, മാർജിനൽ ശീർഷകത്തിൽ "ഫൈനാൻസ് " എന്നതിന് പകരം "ഫിനാൻസ് " എന്ന് ചേർക്കുക.

1085.ഖണ്ഡം 27(1)-ൽ, "ഫൈനാൻസ്" എന്നതിന് പകരം "ഫിനാൻസ്" എന്ന് ചേർക്കുക.

1087. ഖണ്ഡം 27(2)-ൽ, "ഫൈനാൻസ്" എന്നതിന് പകരം "ഫിനാൻസ്" എന്ന് ചേർക്കുക.

1090. ഖണ്ഡം 27(3)-ൽ, "ഫൈനാൻസ്" എന്ന് വരുന്നിടത്തെല്ലാം "ഫിനാൻസ് " എന്ന് ചേർക്കുക.

1091. ഖണ്ഡം 27(4)-ൽ " ഫൈനാൻസ് " എന്നതിന് പകരം "ഫിനാൻസ് " എന്ന് ചേർക്കുക.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

1082. ഖണ്ഡം 27 (1) -ൽ, "കാര്യങ്ങളെ" എന്നതിന് പകരം "കാര്യങ്ങളിൽ" എന്ന് ചേർക്കുക.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഭേദഗതിയോടെ സ്വീകരിച്ചു.

1088. ഖണ്ഡം 27(2)-ൽ, "താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങിയിരിക്കേണ്ടതാണ്" എന്നതിന് പകരം "താഴെപ്പറയുന്ന

അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്" എന്ന് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികളും സ്വീകരിച്ച ഭേദഗതികളും സഭ അംഗീകരിച്ചു.

1086-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഇരുപത്തിയെട്ടാം വകുപ്പ്</u>

1093, 1094, 1101, 1102 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഇരുപത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഇരുപത്തിയൊമ്പതാം വകുപ്പ്</u>

1105, 1106, 1107, 1108, 1111, 1113, 1123, 1125 എന്നീ നമ്പർ

ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഭേദഗതിയോടെ ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു:

1114. ഖണ്ഡം 29(2)(സി)-ൽ
" ഗോത്രവർഗ്ഗങ്ങളിലോപ്പെട്ടതും" എന്നതിന് പകരം
"പട്ടികഗോത്രവർഗ്ഗവിഭാഗങ്ങളിലോപ്പെട്ടതും" എന്ന് ചേർക്കുക.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിച്ചു.

1120. ഖണ്ഡം 29(2)(സി)-ൽ " പെൺകുട്ടികളും" എന്നതിന് പകരം "വിദ്യാർത്ഥിനികളും" എന്ന് ചേർക്കുക.

1121. ഖണ്ഡം 29(2)(സി)-ൽ " ആയിരിക്കേണ്ടതാണ് " എന്നതിന് ശേഷം ";" എന്ന ചിഹ്നം ചേർക്കുക.

1127. ഖണ്ഡം 29(4)(ബി)-ൽ " സാഹിത്യപരമായ" എന്നതിന് പകരം " കലാസാഹിത്യപരമായ " എന്ന് ചേർക്കുക.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഭേദഗതിയോടെ സ്വീകരിച്ചു.

1108. ഖണ്ഡം 29(2)-ൽ "അടങ്ങിയിരിക്കേണ്ടതാണ്" എന്നതിന് പകരം "ഉണ്ടായിരിക്കേണ്ടതാണ് " എന്ന് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികളും സ്വീകരിച്ച ഭേദഗതിയും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിയൊമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിയൊമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>മുപ്പതാം വകുപ്പ്</u>

1137, 1145, 1147, 1148, 1150, 1154, 1156, 1162, 1164 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു:

1152. ഖണ്ഡം 30(3)-ൽ "ഒരു വിദ്യാർത്ഥി യൂണിയൻ" എന്നതിന് പകരം "തെരഞ്ഞെടുക്കപ്പെട്ട ഒരു വിദ്യാർത്ഥി യൂണിയൻ" എന്ന് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മുപ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മുപ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

മുപ്പത്തിയൊന്നാം വകുപ്പ്

1178, 1179 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിച്ചു.

മുപ്പത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മുപ്പത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

മുപ്പത്തിരണ്ടാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു:

1401. ഖണ്ഡം 32-ൽ "അടങ്ങിയിരിക്കേണ്ടതാണ്" എന്നതിന്
പകരം "ഉണ്ടായിരിക്കേണ്ടതാണ്" എന്ന് ചേർക്കുക.

1189, 1199 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു:

1197. ഖണ്ഡം 32-ൽ "തോന്നാവുന്ന" എന്നതിന് പകരം

"തോന്നുന്ന" എന്ന് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മുപ്പത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മുപ്പത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>മുപ്പത്തിമൂന്നാം വകുപ്പ്</u>

1204, 1206, 1214, 1220, 1222, 1223 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഭേദഗതിയോടെ സ്വീകരിച്ചു.

1220. ഖണ്ഡം 33-ൽ " നിയമിക്കുകയോ" എന്നതിന് ശേഷം
"തിരഞ്ഞെടുക്കുകയോ" എന്ന് ചേർക്കുക.

ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മുപ്പത്തിമൂന്നാം വകുപ്പ് ബില്ലിന്റെ

ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മുപ്പത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>മുപ്പത്തിനാലാം വകുപ്പ്</u>

1225, 1229 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

മുപ്പത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മുപ്പത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>മുപ്പത്തിയഞ്ചാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു:

1402. ഖണ്ഡം 35(2)-ൽ "ബുദ്ധിസ്ഥിരത ഇല്ലാതായി തീരുകയോ അയാളെ ഒരു നിർദ്ധനനായി പ്രഖ്യാപിക്കുകയോ ചെയ്യുന്നപക്ഷം" എന്നതിന് പകരം "ബുദ്ധിസ്ഥിരത ഇല്ലാത്തതായോ നിർദ്ധനനായോ കോടതി പ്രഖ്യാപിക്കുന്നപക്ഷം" എന്ന് ചേർക്കുക.

1231, 1234, 1239, 1243, 1244, 1245, 1247, 1252 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി

അവതരിപ്പിച്ചു:

1232. ഖണ്ഡം 35(1)-ൽ " അംഗങ്ങളുടെ മൂന്നിൽ ഒന്ന്" എന്നതിന് പകരം " അംഗങ്ങളുടെ മൂന്നിൽ രണ്ട് " എന്ന് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മുപ്പത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മുപ്പത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>മുപ്പത്തിയാറാം വകുപ്പ്</u>

1256-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

മന്ത്രി 1256-ാം നമ്പർ ഭേദഗതി ഭേദഗതിയോടെ സ്വീകരിച്ചു.

1256. ഖണ്ഡം 36(ബി) ഇനത്തിന് പകരം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്.

" (ബി) ഈ ആക്റ്റിൽ പ്രത്യേകം വ്യവസ്ഥ ചെയ്തിട്ടില്ലാത്തതും, കാലാകാലങ്ങളിൽ സർവ്വകലാശാലയിൽ രൂപീകരിക്കപ്പെടേണ്ടത് ആവശ്യമാണെന്ന് കരുതുന്ന അങ്ങനെയുള്ള അധികാരസ്ഥാനങ്ങളുടെയും നികായങ്ങളുടെയും രൂപീകരണവും ഘടനയും അധികാരങ്ങളും ചുമതലകളും;"

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മുപ്പത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മുപ്പത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>മുപ്പത്തിയേഴാം വകുപ്പ്</u>

1263, 1264, 1265, 1268, 1269, 1270, 1272, 1274 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

1266. ഖണ്ഡം 37(4)-ൽ "ഉചിതമെന്ന് തോന്നുന്ന ഏതെങ്കിലും വിധത്തിൽ പ്രസ്തുത കരട് കൈകാര്യം ചെയ്യാവുന്നതുമാണ് " എന്നതിന് പകരം "പ്രസ്തുത കരട് ഭേദഗതികളോടെ അംഗീകരിക്കുകയോ നിരസിക്കുകയോ ചെയ്യാവുന്നതാണ് " എന്ന് ചേർക്കുക.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

1263. ഖണ്ഡം 37(3)-ൽ "തള്ളിക്കളയാവുന്നതോ" എന്നതിന് ശേഷം വരുന്ന "അത് " എന്നതിന് പകരം "അല്ലെങ്കിൽ" എന്ന് ചേർക്കുക.

1265. ഖണ്ഡം 37(4)-ൽ "ഏതെങ്കിലും കരട് " എന്നതിന് പകരം "കരട് സ്റ്റാറ്റ്യൂട്ട് " എന്ന് ചേർക്കുക.

1269. ഖണ്ഡം 37(5)-ൽ "ഏതെങ്കിലും സ്റ്റാറ്റ്യൂട്ട് പാസാകുന്നിടത്ത്, അത് " എന്ന വാക്കുകൾക്കും ചിഹ്നങ്ങൾക്കും പകരം "പാസ്സാകുന്ന ഓരോ സ്റ്റാറ്റ്യൂട്ടും" എന്ന് ചേർക്കുക.

1274.ഖണ്ഡം 37(7)-ന്റെ ക്ലിപ്തനിബന്ധനയിൽ " പരിഗണിയ്ക്കേണ്ടതുമാണ്" എന്നതിന് പകരം "പരിഗണിക്കേണ്ടതുമാണ്" എന്ന് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഭേദഗതിയും സ്വീകരിച്ച ഭേദഗതികളും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള മുപ്പത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള മുപ്പത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>മുപ്പത്തിയെട്ടാം വകുപ്പ്</u>

1277, 1278 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

1276. ഖണ്ഡം 38(എ)-ൽ " കോളേജിലും മറ്റു സ്ഥാപനങ്ങളിലും" എന്നതിന് പകരം "വിവിധ കോഴ്സുകൾക്കായി" എന്ന് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള മുപ്പത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള മുപ്പത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>മുപ്പത്തിയൊൻപതാം വകുപ്പ്</u>

1282, 1283, 1284 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

1282. ഖണ്ഡം 39(1)-ൽ "വെയ്ക്കേണ്ടതാണ്" എന്നതിന് പകരം
"വയ്ക്കേണ്ടതുമാണ്" എന്ന് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള മുപ്പത്തിയൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള മുപ്പത്തിയൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>നാൽപ്പതാം വകുപ്പ്</u>

1286, 1287 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

1286. ഖണ്ഡം 40(ബി)-ൽ "കോഴ്സുകൾക്കും" എന്നതിന് പകരം
" കോഴ്സുകളിലേയ്ക്കും " എന്ന് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

1287-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള നാൽപ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള നാൽപ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>നാൽപ്പത്തിയൊന്നാം വകുപ്പ്</u>

(ഭേദഗതി ക്രമപ്രകാരമല്ല)

നാൽപ്പത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

നാൽപ്പത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>നാൽപ്പത്തിരണ്ടാം വകുപ്പ്</u>

(ഭേദഗതി ക്രമപ്രകാരമല്ല)

നാൽപ്പത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

നാൽപ്പത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>നാൽപ്പത്തിമൂന്നാം വകുപ്പ്</u>

1291-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

1292. ഖണ്ഡം 43-ൽ " ഉണ്ടാക്കിയ" എന്നതിന് പകരം
" പ്രാബല്യത്തിൽ വന്ന" എന്ന് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഭേദഗതി സഭ അംഗീകരിച്ചു.

1291-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള നാൽപ്പത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള നാൽപ്പത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>നാൽപ്പത്തിനാലാം വകുപ്പ്</u>

1294, 1295, 1296, 1297 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

നാൽപ്പത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

നാൽപ്പത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>നാൽപ്പത്തിയഞ്ചാം വകുപ്പ്</u>

1301, 1302, 1306, 1307, 1308, 1309 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഭേദഗതിയോടെ സ്വീകരിച്ചു.

1309. ഖണ്ഡം 45(2)-ന്റെ ക്ലിപ്തനിബന്ധനയായി താഴെപ്പറയുന്നത് ചേർക്കുക. " എന്നാൽ ചാൻസലറുടെ അംഗീകാരം ലഭ്യമായാലുടൻ വാർഷിക റിപ്പോർട്ടും വാർഷിക കണക്കും സർവ്വകലാശാലയുടെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്."

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള നാൽപ്പത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള നാൽപ്പത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>നാൽപ്പത്തിയാറാം വകുപ്പ്</u>

1313, 1314 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

1313. ഖണ്ഡം 46(2)-ൽ " സ്ഥിരമായി" എന്നത് ഒഴിവാക്കുക.

1314-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള നാൽപ്പത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള നാൽപ്പത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>നാൽപ്പത്തിയേഴാം വകുപ്പ്</u>

(ഭേദഗതി ക്രമപ്രകാരമല്ല)

നാൽപ്പത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

നാൽപ്പത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>നാൽപ്പത്തിയെട്ടാം വകുപ്പ്</u>

1317-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭ നിരാകരിച്ചു.

നാൽപ്പത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

നാൽപ്പത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>നാൽപ്പത്തിയൊൻപതാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

1403. ഖണ്ഡം 49(3) ഒഴിവാക്കി ശേഷിക്കുന്നത് പുനരക്കം ചെയ്യുക.

1319, 1322, 1325, 1329, 1330 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

1323. ഖണ്ഡം 49(2)-ൽ " ഉപയോഗിക്കേണ്ടതാണ്" എന്നതിന് പകരം "നിലനിർത്തേണ്ടതാണ്" എന്ന് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള നാൽപ്പത്തിയൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള നാൽപ്പത്തിയൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## അൻപതാം വകുപ്പ്

1333, 1334 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

അൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

അൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>അൻപത്തിയൊന്നാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതികൾ അവതരിപ്പിച്ചു.

1404. ഖണ്ഡം 51(1)(ഡി)-യ്ക്ക് ശേഷമുള്ള "കൂടാതെ " എന്നത് ഒഴിവാക്കുക.

1405. ഖണ്ഡം 51(1)(ഇ) ഒഴിവാക്കുക.

(ഭേദഗതി ക്രമപ്രകാരമല്ല)

മന്ത്രി അവതരിപ്പിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള അൻപത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള അൻപത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>അൻപത്തിരണ്ടാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

1406. ഖണ്ഡം 52-ൽ "49," എന്നീ അക്കങ്ങളും ചിഹ്നവും ഒഴിവാക്കുക.

1340-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച ഭേദഗതി സഭ അംഗീകരിച്ചു.

1340-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള അൻപത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള അൻപത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## അൻപത്തിമൂന്നാം വകുപ്പ്

1342, 1343 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

അൻപത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

അൻപത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## അൻപത്തിനാലാം വകുപ്പ്

1345, 1348 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

അൻപത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

അൻപത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>അൻപത്തിയഞ്ചാം വകുപ്പ്</u>

1350-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭ നിരാകരിച്ചു.

അൻപത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

അൻപത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>അൻപത്തിയാറാം വകുപ്പ്</u>

1359, 1361, 1362, 1363, 1365 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിച്ചു.

1360. ഖണ്ഡം 56(1)-ൽ " കാണിക്കുന്നതിന്" എന്നതിന് ശേഷം " രേഖാമൂലം" എന്ന് ചേർക്കുക.

1364. ഖണ്ഡം 56(6)-ൽ " ഭീഷണിയാകുന്ന" എന്നതിന് പകരം " ദോഷകരമാകുന്ന" എന്ന് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള അൻപത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള അൻപത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## അൻപത്തിയേഴാം വകുപ്പ്

1372-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

1371. ഖണ്ഡം 57-ന്റെ ക്ലിപ്തനിബന്ധനയിൽ "24-ാം " എന്നതിന് പകരം "24 എന്നീ" എന്ന് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഭേദഗതി സഭ അംഗീകരിച്ചു.

1372-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള അൻപത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള അൻപത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## അൻപത്തിയെട്ടാം വകുപ്പ്

1374, 1375, 1376, 1378 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

1374. ഖണ്ഡം 58-ൽ "പിൻവലിക്കുകയോ" എന്നതിന് ശേഷം "സർവ്വകലാശാല" എന്ന് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള അൻപത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള അൻപത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## അൻപത്തിയൊൻപതാം വകുപ്പ്

(ഭേദഗതി ക്രമപ്രകാരമല്ല)

അൻപത്തിയൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

അൻപത്തിയൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## അറുപതാം വകുപ്പ്

1381-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭ നിരാകരിച്ചു.

അറുപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

അറുപതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>അറുപത്തിയൊന്നാം വകുപ്പ്</u>

1383-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭ നിരാകരിച്ചു.

അറുപത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

അറുപത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>അറുപത്തിരണ്ടാം വകുപ്പ്</u>

1385, 1386, 1388 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഭേദഗതിയോടെ സ്വീകരിച്ചു.

1385. ഖണ്ഡം 62 (1)-ൽ "ഉത്തരവ്" എന്നതിന് മുമ്പിലായി "ഗസറ്റിൽ പ്രസിദ്ധീകരിച്ച" എന്ന് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്തപ്രകാരമുള്ള അറുപത്തിരണ്ടാം വകുപ്പ് ബില്ലിന്റെ

ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള അറുപത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>പട്ടിക</u>

1390-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭ നിരാകരിച്ചു.

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പട്ടിക ബില്ലിന്റെ ഭാഗമായി.

<u>ഒന്നാം വകുപ്പും പീഠികയും പേരും</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

1393. ഖണ്ഡം 1(1)-ൽ "സംസ്ഥാന " എന്നത് ഒഴിവാക്കുക.

113, 122, 123, 127, 128, 131, 132, 135, 138, 140, 147, 149, 150, 152, 155, 161, 162, 163, 165, 168, 169, 172, 175 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

115. ദീർഘശീർഷകത്തിൽ "വിദ്യാഭ്യാസം നൽകുന്നതിനായി”

എന്നതിന് പകരം " വിദ്യാഭ്യാസ മേഖലയിൽ" എന്ന് ചേർക്കുക.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

135. പീഠികയിൽ " വിദ്യാഭ്യാസം നൽകുന്നതിനായി" എന്നതിന് പകരം " വിദ്യാഭ്യാസ മേഖലയിൽ" എന്ന് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഭേദഗതികളും സ്വീകരിച്ച ഭേദഗതിയും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): 2025-ലെ കേരള സംസ്ഥാന സ്വകാര്യ സർവ്വകലാശാലകൾ (സ്ഥാപനവും നിയന്ത്രണവും) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി

(ശ്രീ. എം. ബി. രാജേഷ്): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): ബിൽ നിയമമാകുന്നതിനുമുമ്പ് ഒരു കമ്മിഷനെ നിയമിച്ച് ഗൗരവമായ പഠനം നടത്തണം. സംസ്ഥാനത്തെ അൺ എയ്ഡഡ് കോളേജുകൾ അടച്ചുപൂട്ടൽ ഭീഷണി നേരിടുകയാണ്. എയ്ഡഡ് കോളേജുകളിലും സർക്കാർ കോളേജുകളിലും പ്രധാനപ്പെട്ട കോഴ്സുകളിൽ പഠിക്കാൻ വിദ്യാർത്ഥികളില്ലാത്ത അവസ്ഥയാണുള്ളത്. സ്വകാര്യ സർവകലാശാലകൾ ആരംഭിക്കുന്നതോടുകൂടി പൊതുസർവകലാശാലകളിൽ അഫിലിയേറ്റ് ചെയ്ത കോളേജുകളുടെ നിലനിൽപ്പ് അപകടത്തിലാകുമോയെന്ന് പരിശോധിക്കണം. വിദ്യാഭ്യാസ സ്ഥാപനങ്ങൾ വിജയകരമായി നടത്തി അനുഭവസമ്പത്താർജിച്ച ഏജൻസികൾക്ക് സ്വകാര്യ സർവകലാശാലകൾ തുടങ്ങുന്നതിന് മുൻഗണന നൽകുകയും സ്വകാര്യ സർവകലാശാലകൾ സ്ഥാപിക്കുന്നതിന് 25 കോടി രൂപ എൻഡോവ്മെന്റ് ഫണ്ടായി നൽകണമെന്ന നിബന്ധനയിൽ ഇളവ് അനുവദിക്കുകയും ചെയ്യണം. സ്വകാര്യ സർവകലാശാലകൾക്ക് ഓഫ് കാമ്പസ് ആരംഭിക്കാൻ അനുവാദം നൽകുന്ന വ്യവസ്ഥ പുന:പരിശോധിക്കണം.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: വിദ്യാർഥികൾക്ക് മെച്ചപ്പെട്ട ഉന്നതവിദ്യാഭ്യാസവും തൊഴിലും ലഭ്യമാക്കുന്നതിനായി വിദേശ രാജ്യങ്ങളിലെ പ്രശസ്തമായ സർവകലാശാലകളുടെ കാമ്പസ് സംസ്ഥാനത്ത് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. സർവകലാശാല സ്ഥാപിക്കുന്നതിന് 25 കോടി രൂപയും 10 ഏക്കർ സ്ഥലവും വേണമെന്ന നിബന്ധനയിൽ ഇളവുവരുത്തണം.

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: സ്വകാര്യ സർവകലാശാലകൾ ആരംഭിക്കുമ്പോൾ പുതിയ സാങ്കേതികവിദ്യയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ടുള്ള തൊഴിലധിഷ്ഠിത കോഴ്സുകൾ ഉൾപ്പെടുത്തണം.

<u>ശ്രീമതി കെ. കെ. രമ</u>: സാമ്പത്തികമായി മുന്നിട്ട് നിൽക്കുന്നവർക്ക് മാത്രമേ സ്വകാര്യ സർവകലാശാലകളിൽ പഠിക്കാൻ സാധിക്കുകയുള്ളൂ എന്നതിനാൽ ബിൽ പിൻവലിക്കണം.

<u>ശ്രീ. മോൻസ് ജോസഫ്</u>: സ്വകാര്യ സർവകലാശാല കുറ്റമറ്റ രീതിയിൽ സ്ഥാപിക്കാനുള്ള നടപടിയുണ്ടാകണം. സഹകരണ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന കുട്ടികൾക്കും സ്വകാര്യ സർവകലാശാലകളിൽ സൗജന്യമായി പഠിക്കാൻ അവസരമൊരുക്കണം.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (<u>ഡോ. ആർ. ബിന്ദു</u>): ഉന്നതവിദ്യാഭ്യാസ രംഗത്ത് സ്വാശ്രയ സ്ഥാപനങ്ങളെയടക്കം മികച്ച രീതിയിൽ മുന്നോട്ടുനയിച്ച് ദേശീയ അംഗീകാരങ്ങൾ നേടുന്നതിൽ വിജയം കൈവരിച്ച സാഹചര്യത്തിലാണ് സ്വകാര്യ സർവ്വകലാശാലകൾ (സ്ഥാപനവും നിയന്ത്രണവും) ബിൽ അവതരിപ്പിച്ചിരിക്കുന്നത്. ആരോഗ്യകരമായ മത്സരത്തിനുതകുന്ന രീതിയിൽ പൊതുസംവിധാനങ്ങളെ നിലനിർത്തിക്കൊണ്ടാണ് സ്വകാര്യമേഖലയുടെ സാധ്യതകൂടി ഉന്നത വിദ്യാഭ്യാസ മേഖലയിൽ പ്രയോജനപ്പെടുത്തുന്നത്. സർവകലാശാല ആരംഭിച്ച് അഞ്ച് വർഷം കഴിയാതെ ഓഫ് കാമ്പസ് സെന്ററുകൾ ആരംഭിക്കാൻ സാധിക്കില്ല. ഒരു പ്രത്യേക വിദ്യാഭ്യാസ ഏജൻസിയെയും സർവകലാശാല ആരംഭിക്കുന്നതിൽനിന്നും വിലക്കുന്ന വ്യവസ്ഥകൾ ബില്ലിലുൾപ്പെടുത്തിയിട്ടില്ല. കൃത്യമായ സാമൂഹ്യനിയന്ത്രണങ്ങളോടെ ജാഗ്രതാപൂർവം ഇടപെടാൻ കഴിയുന്ന വിധത്തിലായിരിക്കും സ്വകാര്യ സർവകലാശാലകൾ രൂപീകരിക്കുന്നതും മുന്നോട്ട് നയിക്കുന്നതും.

2025-ലെ കേരള സംസ്ഥാന സ്വകാര്യ സർവ്വകലാശാലകൾ (സ്ഥാപനവും നിയന്ത്രണവും) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം ശബ്ദവോട്ടോടെ സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

## (ii) 2024-ലെ കേരള വ്യാവസായിക അടിസ്ഥാന സൗകര്യ വികസന (ഭേദഗതി) ബിൽ

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2024-ലെ കേരള വ്യാവസായിക അടിസ്ഥാന സൗകര്യ വികസന (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: വിയോജിപ്പ് രേഖപ്പെടുത്തുന്നു. വ്യവസായ വകുപ്പിനുകീഴിലെ പൊതുമേഖലാ സ്ഥാപനങ്ങളിൽ കാതലായ മാറ്റങ്ങൾ ലക്ഷ്യമിട്ട് സംരംഭക വർഷം പദ്ധതി ആരംഭിച്ചെങ്കിലും ഈ സ്ഥാപനങ്ങളുടെ പ്രവർത്തന നഷ്ടം ഉയരുകയാണുണ്ടായത്. വിവിധ വ്യവസായ എസ്റ്റേറ്റുകളിലായി ഉപയോഗിക്കാതെ കിടക്കുന്ന ഭൂമിയും കെട്ടിടങ്ങളും കേരളത്തിലെ വ്യാവസായികാന്തരീക്ഷം മെച്ചപ്പെട്ടതല്ലെന്നും വ്യവസായ എസ്റ്റേറ്റുകളുടെ അടിസ്ഥാന സൗകര്യം ആകർഷണീയമല്ലെന്നുമാണ്

സൂചിപ്പിക്കുന്നത്. നിക്ഷേപകരെ ആകർഷിക്കുന്ന തരത്തിലുള്ള മാറ്റങ്ങൾ വ്യവസായ മേഖലയിൽ കൊണ്ടുവരണം. 2024-25 സാമ്പത്തിക വർഷം പദ്ധതി വിഹിതത്തിൽ 50% വെട്ടിക്കുറവ് വരുത്തിയതിൽനിന്നും വ്യവസായ വകുപ്പിനെപ്പോലും ഒഴിവാക്കാതിരുന്നത് പ്രതിഷേധാർഹമാണ്. വ്യവസായ വകുപ്പിന്റെ പ്രവർത്തനങ്ങൾക്ക് കൂടുതൽ പദ്ധതി വിഹിതം ലഭ്യമാക്കണം. പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നവർക്ക് വൈദ്യുതി താരിഫ് നിരക്കിൽ ഇളവുകൾ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകണം. നിലവിലുള്ള വ്യവസായങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയാത്ത സർക്കാർ നയങ്ങൾ തിരുത്താൻ തയ്യാറാകണം.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: വിയോജിപ്പ് രേഖപ്പെടുത്തുന്നു. കേരളം വ്യവസായ സൗഹൃദമായി എന്ന് അവകാശപ്പെടുമ്പോഴും വ്യവസായവുമായി ബന്ധപ്പെട്ട വിവിധ മേഖലകളുടെ അവസ്ഥ ശോചനീയമാണ്. ജി.എസ്.ഡി.പി. വളർച്ചാ നിരക്കിലെ കുറവ് വ്യവസായ മേഖലയിൽ പുരോഗതി ഉണ്ടാകുന്നില്ലെന്നതിന് തെളിവാണ്. കശുവണ്ടി വ്യവസായം ആകെ തകർന്നിരിക്കുകയാണ്. മുഖ്യമന്ത്രി അടിയന്തരമായി ബാങ്കുകളുടെ യോഗം വിളിച്ചുചേർത്ത് കശുവണ്ടി ഫാക്ടറികൾ നേരിടുന്ന ജപ്തി നടപടികൾ ഒഴിവാക്കാനുള്ള ഇടപെടൽ നടത്തണം. കശുവണ്ടി വ്യവസായത്തെ

സംരക്ഷിക്കുന്നതിനായി 500 കോടി രൂപ സർക്കാർ ഗ്യാരന്റി നൽകാൻ തയ്യാറാകണം. ഖാദി, കൈത്തറി, കയർ വ്യവസായങ്ങളെ സംരക്ഷിക്കാൻ പദ്ധതി തയ്യാറാക്കണം. ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡിന്റെ പട്ടയഭൂമിയിന്മേലുള്ള റവന്യൂ നടപടിക്രമങ്ങൾ ത്വരിതഗതിയിൽ പൂർത്തിയാക്കണം. ഔട്ട് ഓഫ് കേരള മൈനിങ്ങിൽ ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡിനെ കൂടി ഉൾപ്പെടുത്താനുള്ള തീരുമാനമുണ്ടാകണം.

ശ്രീമതി യു. പ്രതിഭ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2024-ലെ കേരള വ്യാവസായിക അടിസ്ഥാന സൗകര്യ വികസന (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. വ്യവസായ സൗഹൃദാന്തരീക്ഷം ശക്തിപ്പെടുത്തുന്നതിന് സഹായകരമായ ഭേദഗതികളാണ് ബില്ലിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങളെയും സ്റ്റാർട്ടപ്പുകളെയും സംസ്ഥാനത്തെ സമ്പദ്‌വ്യവസ്ഥയുടെ ഊർജ്ജസ്വലവും ചലനാത്മകവുമായ മേഖലയായി ഉയർത്താൻ സാധിച്ചിട്ടുണ്ട്. ഈസ് ഓഫ് ഡൂയിംഗ് ബിസിനസിൽ കേരളത്തിന് ഒന്നാം സ്ഥാനവും സംരംഭക വർഷം പദ്ധതിയിലൂടെ അന്താരാഷ്ട്ര അംഗീകാരവും

നേടിയെടുക്കാൻ സാധിച്ചത് അഭിമാനകരമാണ്. സംരംഭക വർഷം പദ്ധതിയിലൂടെ വനിത സംരംഭങ്ങളും എസ്.സി./എസ്.ടി. സംരംഭങ്ങളുമുൾപ്പെടെ രണ്ട് ലക്ഷത്തിലധികം സംരംഭങ്ങൾ പുതുതായി ആരംഭിക്കാൻ സാധിച്ചു. സംരംഭങ്ങൾ ആരംഭിക്കാനുള്ള അനുമതി 30 ദിവസത്തിനകം ലഭ്യമാക്കണമെന്ന് ബില്ലിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. കെ-സ്വിഫ്റ്റ് സംവിധാനം ഫലപ്രദമായി നടപ്പാക്കി വരികയാണ്. ഹരിത ചട്ടങ്ങൾ പാലിച്ച് പ്രവർത്തിക്കുന്ന സംരംഭങ്ങൾക്ക് പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ ഭാഗത്തുനിന്നുമുണ്ടാകുന്ന പ്രയാസങ്ങൾക്ക് പരിഹാരം കാണണം. മലിനീകരണവുമായി ബന്ധപ്പെട്ട് സ്ഥാപനത്തിനെതിരെ പരാതിപ്പെട്ടാൽ മലിനീകരണ നിയന്ത്രണ ബോർഡ് റിപ്പോർട്ട് തേടണമെന്നും പ്രശ്നം കണ്ടെത്തിയാൽ സ്ഥാപനത്തിനെതിരെ നടപടിയെടുക്കുന്നതിന് സംരംഭകന് മതിയായ സമയം നൽകണമെന്നും ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. സ്കൂൾ/കോളേജ് വിദ്യാർത്ഥികൾക്കും നാനോ സംരംഭങ്ങൾ ആരംഭിക്കാനുള്ള സംവിധാനങ്ങൾ നടപ്പാക്കിയിട്ടുണ്ട്.

<u>ശ്രീ. മോൻസ് ജോസഫ്</u>: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2024-ലെ കേരള വ്യാവസായിക അടിസ്ഥാന സൗകര്യ വികസന (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ

പരിഗണനയ്ക്ക് അയയ്ക്കുണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. സംസ്ഥാനത്ത് സംരംഭക സൗഹൃദ വ്യവസായ അന്തരീക്ഷം സൃഷ്ടിക്കുന്നതിന് രാഷ്ട്രീയത്തിനതീതമായി പിന്തുണയ്ക്കാനും ഗവൺമെന്റിനോട് സഹകരിക്കാനും എല്ലാവരും തയ്യാറാണെന്ന നിലപാട് സ്വീകരിച്ചിട്ടുണ്ട്. കോട്ടയം ജില്ലയിൽ അടഞ്ഞുകിടക്കുന്ന കോട്ടയം ടെക്സ്റ്റൈൽസ്, ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങൾ കാര്യക്ഷമമായി തുറന്ന് പ്രവർത്തിപ്പിക്കാനും വെള്ളൂർ കെ.പി.പി.എൽ.-ന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി ലാഭകരമായി പ്രവർത്തിപ്പിക്കാനും തൊഴിൽ സാധ്യതകൾ പ്രയോജനപ്പെടുത്താനും കോട്ടയത്തെ റബ്ബർ പാർക്ക് യാഥാർത്ഥ്യമാക്കാനും നടപടി സ്വീകരിക്കണം. വ്യവസായ മേഖലയിൽ പ്രവാസികൾക്ക് സംരംഭങ്ങൾ ആരംഭിക്കാൻ തടസ്സമായി നിൽക്കുന്ന ഉദ്യോഗസ്ഥ സംവിധാനത്തിലെ അഴിമതിക്കെതിരെ കർശന നിയന്ത്രണം കൊണ്ടുവരണം. പുതിയ വ്യവസായങ്ങൾ ആരംഭിക്കാനും നിലവിലുള്ളവയെ സംരക്ഷിക്കാനും നടപടി സ്വീകരിക്കണം.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സംസ്ഥാനത്ത് ഈസ് ഓഫ് ഡൂയിംഗ്

ബിസിനസ് സംരംഭങ്ങൾ ഫലപ്രദമായി നടപ്പാക്കുന്നതിന് നിലവിലുള്ള നിയമത്തിലെ തടവ് ശിക്ഷയുള്ള വ്യവസ്ഥക്കുപകരം പിഴശിക്ഷ ചുമത്താനുള്ള ഭേദഗതിയാണ് ബില്ലിൽ കൊണ്ടുവന്നിട്ടുള്ളത്. ആഗോളതലത്തിൽ എസ്.എം.ഇ.-കളുടെ (സ്മോൾ ആൻഡ് മൈക്രോ എന്റർപ്രൈസസ്) വളർച്ചാനിരക്കിൽ മികച്ച നേട്ടം കൈവരിക്കാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. പൊതുമേഖലാസ്ഥാപനങ്ങളെ പുനരുജ്ജീവിപ്പിക്കുകയും കേന്ദ്ര ഗവൺമെന്റ് കൈയൊഴിയുന്ന പൊതുമേഖലാസ്ഥാപനങ്ങളെ സംരക്ഷിക്കുകയും ചെയ്യുന്ന നിലപാടാണ് സർക്കാർ സ്വീകരിക്കുന്നത്. വൈദ്യുതി വകുപ്പ് നിഷേധാത്മകവും വ്യവസായ വിരുദ്ധവുമായ സമീപനം സ്വീകരിക്കുന്നുവെന്ന പ്രതിപക്ഷ ആരോപണം അടിസ്ഥാനരഹിതമാണ്. വ്യവസായ നയത്തിന്റെ ഭാഗമായി പുതിയ സംരംഭങ്ങൾക്ക് സൗജന്യ നിരക്കിലുള്ള വൈദ്യുതി, ഭൂമി രജിസ്ട്രേഷനുള്ള സ്റ്റാമ്പ് ഡ്യൂട്ടി ഇളവ് എന്നിവ ഉൾപ്പെടെ 18 തരത്തിലുള്ള സബ്സിഡികളാണ് നൽകി വരുന്നത്. കിൻഫ്രയിൽ 443 യൂണിറ്റുകൾക്കായി 322.6 ഏക്കർ ഭൂമിയിൽ 6.9 ലക്ഷം അടി ബഹുനില കെട്ടിട സമുച്ചയം അലോട്ട് ചെയ്തതിലൂടെ 28,749 തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും 3387 കോടിയുടെ സ്വകാര്യ നിക്ഷേപം നേടിയെടുക്കാനും

കഴിഞ്ഞു. കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴി യാഥാർഥ്യമാക്കുന്നതിനാവശ്യമായ ഭൂമി ഏറ്റെടുത്തുകഴിഞ്ഞു. കേരളം 2025 മേയ് മാസത്തിൽ ഇന്ത്യയിലെ ആദ്യത്തെ ഡിജിറ്റൽ സാക്ഷരതാ സംസ്ഥാനമായി മാറാൻ പോകുകയാണ്. ഡിജിറ്റൽ യൂണിവേഴ്സിറ്റിയും ഡിജിറ്റൽ സയൻസ് പാർക്കും ആദ്യമായി ആരംഭിച്ചതും ഈ സർക്കാരിന്റെ കാലത്താണ്. തദ്ദേശഭരണ സ്ഥാപനങ്ങളിൽ കെ-സ്മാർട്ട് എന്ന ഏകീകൃത സോഫ്റ്റ്‌വെയറും മൊബൈൽ ആപ്ലിക്കേഷനും നടപ്പാക്കി. 2021-2023 വരെയുള്ള കാലയളവിൽ കേരളത്തിന്റെ മൊത്തം ആഭ്യന്തര ഉല്പാദനത്തിൽ ഒരുലക്ഷം കോടി രൂപയോളം വർധനവുണ്ടായിട്ടുണ്ട്. കാഷ്യു ബോർഡ് 2018 മുതൽ ഇതുവരെ 78182 മെട്രിക് ടൺ തോട്ടണ്ടി വിവിധ രാജ്യങ്ങളിൽനിന്ന് ഇറക്കുമതി ചെയ്ത് കശുവണ്ടി വികസന കോർപ്പറേഷനും കാപ്പെക്സിനും നൽകിയതിലൂടെ കശുവണ്ടി സംസ്കരണശാലകൾ പ്രവർത്തനക്ഷമമാക്കാനും തൊഴിലാളികൾക്ക് തൊഴിൽ ലഭ്യമാക്കാനും സാധിച്ചു. സ്വകാര്യ സംരംഭകർക്ക് തൊഴിലാളികളുടെ എണ്ണം, തൊഴിൽ ദിനങ്ങളുടെ എണ്ണം എന്നിവ അടിസ്ഥാനമാക്കി ഇ.പി.എഫ്., ഇ.എസ്.ഐ. തൊഴിലുടമ വിഹിതമായി 2 കോടി രൂപ അനുവദിച്ചിട്ടുണ്ട്. സ്വകാര്യ കശുവണ്ടി മേഖലയുടെ പുനരുദ്ധാരണത്തിനായി ബജറ്റിൽ 30 കോടി രൂപ

വകയിരുത്തുകയും മൂന്ന് പദ്ധതികൾക്ക് അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. കേരളത്തിലെ ചെറുകിട-ഇടത്തരം കാഷ്യൂ ഫാക്ടറികളുടെ നവീകരണത്തിന് മൂലധന ഗ്രാന്റും പലിശ സബ്സിഡിയും അനുവദിക്കുന്ന നടപടി സർക്കാർ നടപ്പാക്കിവരുന്നുണ്ട്. സംസ്ഥാനത്തെ കശുവണ്ടി തൊഴിലാളികളുടെ കുറഞ്ഞ കൂലി 23 ശതമാനമായി വർധിപ്പിച്ച് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. കേരള നിയമ പരിഷ്കരണ കമ്മീഷന്റെ ശിപാർശയുടെ അടിസ്ഥാനത്തിലാണ് ഭേദഗതി ബിൽ കൊണ്ടുവന്നിട്ടുള്ളത്. മൂലനിയമത്തിലെ 22-ാം വകുപ്പുപ്രകാരം, വ്യവസ്ഥ ലംഘിക്കുന്നവരെ ഒഴിപ്പിക്കാനുള്ള അധികാരം മാത്രമേ കോംപീറ്റന്റ് അതോറിറ്റിക്ക് ഉണ്ടായിരുന്നുള്ളൂ. എന്നാൽ കേരള വ്യാവസായിക അടിസ്ഥാന സൗകര്യ വികസന കോർപ്പറേഷന് താൽപ്പര്യമുള്ള മറ്റൊരാൾക്ക് ആസ്തികൾ സഹിതം സംരംഭം കൈമാറുന്നതിനാണ് വകുപ്പ് (22)-ൽ ഭേദഗതി കൊണ്ടുവന്നിട്ടുള്ളത്. നിബന്ധനകൾക്ക് വിരുദ്ധമായി നിർമ്മാണ പ്രവർത്തനം നടത്തുകയോ സ്ഥലവും കെട്ടിടവും ഉപയോഗിക്കുകയോ ചെയ്താലുള്ള പിഴശിക്ഷ അമ്പതിനായിരം രൂപ വരെ വർധിപ്പിക്കുന്നതിനാണ് 30-ാം വകുപ്പ് ഭേദഗതി ചെയ്തിരിക്കുന്നത്. 42-ാം വകുപ്പ് ഒഴിവാക്കുന്നതിലൂടെ പ്രോസിക്യൂട്ട് ചെയ്യാനുള്ള അധികാരവും 43-ാം വകുപ്പ് ഒഴിവാക്കുന്നതിലൂടെ

കുറ്റകൃത്യങ്ങൾ രാജിയാക്കുന്നതിനുള്ള അധികാരവും എടുത്തുമാറ്റുകയാണ്. നിലവിലെ ശിക്ഷാവ്യവസ്ഥകൾക്ക് പകരം പിഴശിക്ഷ ചുമത്തുവാനുള്ള ഭേദഗതിയാണ് 45-ാം വകുപ്പിൽ കൊണ്ടുവന്നിട്ടുള്ളത്. വകുപ്പ് 48 പ്രകാരം തടവും പിഴയും നൽകുന്നതിനുള്ള അധികാരം നിലവിൽ കോടതിക്കാണുള്ളത്. പിഴ ശിക്ഷ മാത്രമാക്കുന്ന സാഹചര്യത്തിൽ അത് ചുമത്താൻ കോർപ്പറേഷന്റെ കോംപീറ്റന്റ് ഓഫീസറെ നിയോഗിക്കുന്നതിനും അദ്ദേഹത്തിന്റെ തീരുമാനത്തിനെതിരെ അപ്പീൽ ഫയൽ ചെയ്യുന്നതിനുമുള്ള അധികാരിയെ നിയോഗിക്കുന്നതിനും നടപടിക്രമങ്ങൾ നിശ്ചയിക്കുന്നതിനും ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2024-ലെ കേരള വ്യാവസായിക അടിസ്ഥാന സൗകര്യ വികസന (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

<u>രണ്ടാം വകുപ്പ്</u>

129, 132, 138, 156, 161, 172, 176, 181, 185, 195, 196, 197, 199, 201, 205, 206, 207, 210, 214 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

149. In section 22(7) proposed to be inserted in the principal Act by Clause 2 before the word " outstanding" the word " any" shall be inserted.

മന്ത്രി അവതരിപ്പിച്ച ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്തപ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>മൂന്നാം വകുപ്പ്</u>

218, 219, 221, 225, 231, 235, 238, 243, 249, 253, 255, 256 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ

പിൻവലിക്കുകയോ ചെയ്തു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## നാലാം വകുപ്പ്

(ഭേദഗതി അവതരിപ്പിച്ചില്ല)

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

നാലാം  വകുപ്പ് ബില്ലിന്റെ ഭാഗമായി.

## അഞ്ചാം വകുപ്പ്

(ഭേദഗതി അവതരിപ്പിച്ചില്ല)

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

അഞ്ചാം  വകുപ്പ് ബില്ലിന്റെ ഭാഗമായി.

## ആറാം വകുപ്പ്

267, 271, 279, 281, 287 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഏഴാം വകുപ്പ്</u>

291, 295, 303, 311, 313, 314, 317 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>എട്ടാം വകുപ്പ്</u>

318, 322, 323, 330, 333, 337, 341 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഒൻപതാം വകുപ്പ്</u>

342-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>പത്താം വകുപ്പ്</u>

371, 375, 376, 379, 382, 383, 392, 393, 396, 400, 401, 411, 412, 413, 416, 417, 418, 419, 426, 428, 438, 445 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിച്ചു.

372.In section 48A(1) proposed to be inserted in the principal Act by clause 10 after the words " the rank of" the word " a" shall be deleted.

380. In section 48A(2) proposed to be inserted in the principal Act byclause 10 after the words " holding enquiry" the words, symbol, brackets and figure " under sub-section (1)" shall be inserted.

മന്ത്രി അവതരിപ്പിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്തപ്രകാരമുള്ള പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള പത്താം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒന്നാം വകുപ്പും പീഠികയും പേരും

104, 110, 111, 116, 117, 122, 126 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): 2024-ലെ കേരള വ്യാവസായിക അടിസ്ഥാന സൗകര്യ വികസന (ഭേദഗതി) ബിൽ

പാസ്സാക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

2024-ലെ കേരള വ്യാവസായിക അടിസ്ഥാന സൗകര്യ വികസന (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം സഭ അംഗീകരിച്ചു.

ബിൽ സഭ ഐകകണ്ഠ്യേന പാസ്സാക്കി.

(iii) 2025-ലെ കേരള ധനകാര്യ ബിൽ

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2025-ലെ കേരള ധനകാര്യ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): വിയോജിപ്പ് രേഖപ്പെടുത്തുന്നു. ജനങ്ങളുടെമേൽ അധിക നികുതി ഭാരം അടിച്ചേൽപ്പിക്കുന്ന നികുതി നിർദേശങ്ങളാണ് ഈ ബില്ലിലൂടെ അവതരിപ്പിച്ചിരിക്കുന്നത്. ബില്ലിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന കോടതി വ്യവഹാരത്തിനുള്ള ഫീസ് വർധന പുനഃപരിശോധിക്കുന്നതിനും ജി.എസ്.ടി. രജിസ്ട്രേഷൻ

കാര്യക്ഷമമാക്കുന്നതിനും നടപടി സ്വീകരിക്കണം. ഇലക്ട്രിക് വാഹനങ്ങളുടെ നികുതി ഉയർത്തിയ നടപടി പുനഃപരിശോധിക്കണം. ഭൂനികുതിയിലെ അമിത വർധനവ് പിൻവലിക്കണം. ധനകാര്യ മാനേജ്മെന്റിന്റെ അപാകതമൂലം സംസ്ഥാനത്തിന് അർഹതപ്പെട്ട ഐ.ജി.എസ്.ടി. വിഹിതംപോലും നേടിയെടുക്കാൻ കഴിയുന്നില്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: വിയോജിപ്പ് രേഖപ്പെടുത്തുന്നു. സംസ്ഥാനത്തിന്റെ വരുമാനം വർധിപ്പിക്കുന്നതിനായി നികുതികളിൽ വർധനവുവരുത്തി ജനങ്ങളുടെമേൽ അമിതഭാരം അടിച്ചേൽപ്പിക്കുന്നത് നീതീകരിക്കാവുന്നതല്ല. നെല്ല് സംഭരണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് പരിഹാരം കാണണം. സഹകരണ ബാങ്കുകളിൽ നിന്നുമെടുത്ത വായ്പ തിരിച്ചടയ്ക്കാൻ കഴിയാത്തവരുടെ വീട് ജപ്തി ചെയ്യുന്ന സമീപനത്തോട് യോജിക്കാൻ കഴിയില്ല.

ശ്രീ. എൻ. ഷംസുദ്ദീൻ: വിയോജിപ്പ് രേഖപ്പെടുത്തുന്നു. വരുമാനം വർധിപ്പിക്കുന്നതിന് ഫലപ്രദമായ നയപരിപാടികൾ ആവിഷ്കരിക്കാതെ നികുതിയിനത്തിലും ഫീസ് ഇനത്തിലും വർധനവ് വരുത്തി സാധാരണ ജനങ്ങൾക്കുമേൽ അമിതഭാരം അടിച്ചേൽപ്പിക്കുന്ന സർക്കാർ സമീപനം അപലപനീയമാണ്. സംസ്ഥാനത്തെ അടിസ്ഥാന ജനവിഭാഗങ്ങൾക്കായി

പുതുതായി ക്ഷേമപദ്ധതികളൊന്നും ബജറ്റിൽ പ്രഖ്യാപിച്ചിട്ടില്ല. സംസ്ഥാനത്തിന്റെ പൊതുകടം വർധിച്ചിരിക്കുകയാണ്. ക്ഷേമപ്രവർത്തനങ്ങൾക്കെന്ന പേരിൽ വൻതുകകൾ കടമെടുത്ത് നേരത്തേയുള്ള കടം വീട്ടാനാണ് സർക്കാർ ശ്രമിക്കുന്നത്. കിഫ്ബി റോഡുകൾക്ക് ഓരോ 15 കിലോമീറ്ററിലും ടോൾ ഏർപ്പെടുത്താനുള്ള നീക്കത്തിൽനിന്ന് പിന്മാറണം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ട്രഷറിയിൽ ബില്ലുകൾ സമർപ്പിക്കുന്നതിനുള്ള സമയം ദീർഘിപ്പിച്ച് നൽകണം.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: വിയോജിപ്പ് രേഖപ്പെടുത്തുന്നു. സംസ്ഥാനം സാമ്പത്തിക പ്രതിസന്ധിയിലായിരിക്കുകയാണ്. പുതിയതായി നിർമ്മിച്ച വില്ലേജ് ഓഫീസുകളിലെ ജീവനക്കാരുടെ കുറവും അടിസ്ഥാനസൗകര്യങ്ങളുടെ അപര്യാപ്തതയും പരിഹരിക്കണം. കാസർഗോഡ് മെഡിക്കൽ കോളേജിന്റെയും ജനറൽ ആശുപത്രിയുടെയും കെട്ടിട നിർമ്മാണത്തിനുള്ള തുക അനുവദിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. ട്രഷറിയിൽ ബില്ലുകൾ മാറി നൽകാത്തതിനാൽ കരാറുകാർ ബുദ്ധിമുട്ടിലായിരിക്കുകയാണ്. വ്യവസായമേഖല തകർച്ചയെ നേരിടുകയാണ്. നിരവധി വ്യവസായ സ്ഥാപനങ്ങൾ

അടച്ചുപൂട്ടിയിരിക്കുകയാണ്. KEL-ലെ ജീവനക്കാർക്ക് ശമ്പളവും മറ്റാനുകൂല്യങ്ങളും ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. കാസർഗോഡ് വികസന പാക്കേജിനാവശ്യമായ ഫണ്ട് അനുവദിക്കണം.

ശ്രീ. മോൻസ് ജോസഫ്: വിയോജിപ്പ് രേഖപ്പെടുത്തുന്നു. ഭൂ നികുതി, കോടതി വ്യവഹാര ഫീസ് എന്നിവയിൽ വരുത്തിയ വർധനവ് പിൻവലിക്കണം. നെല്ല് സംഭരിച്ച വകയിൽ കൊടുത്തുതീർക്കാനുള്ള പണം അനുവദിക്കാനും നേരിട്ട് നെല്ല് സംഭരിക്കാനുമുള്ള നടപടി സ്വീകരിക്കണം. നിലവിൽ അംഗീകാരം നൽകിയ പൊതുമരാമത്ത് പ്രവൃത്തികൾക്ക് കോസ്റ്റ് ഡിഫറൻസ് അനുവദിച്ച് ഡി.എസ്.ആർ. പരിഷ്കരണംമൂലമുള്ള പ്രതിസന്ധി പരിഹരിക്കണം.

ശ്രീ. സനീഷ്കുമാർ ജോസഫ് ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. എ. പി. അനിൽ കുമാർ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2025-ലെ ധനകാര്യ ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. സാമ്പത്തികരംഗം തഴച്ചുവളരുകയാണെന്ന് വരുത്തിതീർക്കുന്നതിനായി ബജറ്റിൽ റവന്യൂ വരുമാനം പെരുപ്പിച്ച് കാണിക്കുകയും ബജറ്റ് ഡോക്യുമെന്റ്സ് പി.ആർ. വർക്കിനുവേണ്ടി ദുരുപയോഗപ്പെടുത്തുകയും ചെയ്തിരിക്കുകയാണ്. സിവിൽ

സപ്ലൈസ് കോർപ്പറേഷന് ആവശ്യമായ പണം അനുവദിച്ച് പൊതുവിപണിയിലെ വിലക്കയറ്റം പിടിച്ചുനിർത്താനാവശ്യമായ നടപടി സ്വീകരിക്കണം.

<u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുചെയ്ത പ്രകാരമുള്ള 2025-ലെ കേരള ധനകാര്യ ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ബജറ്റിൽ കൂടുതൽ നികുതി നിർദേശങ്ങൾ ഉൾപ്പെടുത്തിയെന്നത് വ്യാജ പ്രചാരണമാണ്. കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 17000 കിലോമീറ്റർ റോഡുകൾ ബി.എം&ബി.സി. നിലവാരത്തിൽ പൂർത്തിയാക്കിയതും ടൂറിസം രംഗത്ത് പുരോഗതി കൈവരിച്ചതും പുതിയ കോടതി സമുച്ചയങ്ങൾ പണിതതും സർക്കാരിന്റെ നേട്ടങ്ങളാണ്. കീഴ്ക്കോടതികളുടെ മാതൃകയിൽ ജില്ലാ കോടതികളിലും ഹൈക്കോടതിയിലും ക്രിമിനൽ കേസുകളുടെ അപ്പീൽ ഘട്ടത്തിൽ ഒരു കേസിലെ ഓരോ പ്രതിക്കും കോർട്ട് ഫീ നിജപ്പെടുത്തി നൽകുന്നതിനുള്ള നടപടി സ്വീകരിക്കണം. സാമ്പത്തിക പ്രതിസന്ധിക്കിടയിലും വിദ്യാഭ്യാസം, ആരോഗ്യം, സാമൂഹ്യ ക്ഷേമം, വ്യാവസായിക ഉൽപ്പാദനം, അടിസ്ഥാന സൗകര്യ വികസനം എന്നീ രംഗങ്ങളിൽ മികച്ച നേട്ടം കൈവരിക്കാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്.

ദേശീയ പാതാ വികസനം, ഗെയിൽ പദ്ധതി, തീരദേശ/മലയോര ഹൈവേ, വിഴിഞ്ഞം പദ്ധതി, കെ-ഫോൺ എന്നിവ യാഥാർഥ്യമാക്കാനായതും മാനവിക വികസന കാര്യത്തിൽ ലോക നിലവാരത്തിലെത്താൻ സാധിച്ചതും സംസ്ഥാനത്തെ വികസിത/മധ്യവരുമാന രാജ്യങ്ങളുടെ നിലവാരത്തിലേക്ക് ഉയർത്താൻ സാധിച്ചതും സർക്കാരിന്റെ നേട്ടങ്ങളാണ്. ക്ഷേമ പെൻഷനുകൾ കാലോചിതമായി വർധിപ്പിച്ചതും പാഠപുസ്തകങ്ങൾ യഥാസമയം വിതരണം ചെയ്യാൻ സാധിച്ചതും സർക്കാരിന്റെ കാര്യക്ഷമതയുടെ തെളിവാണ്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): ഏറ്റവും കുറവ് നികുതി നിർദേശങ്ങളടങ്ങിയ ബജറ്റാണിത്. വായ്പാ പരിധി കുറയ്ക്കുകയും ജി.എസ്.ടി. കോമ്പൻസേഷൻ നിർത്തലാക്കുകയും ചെയ്തെങ്കിലും മുൻവർഷത്തെ അപേക്ഷിച്ച് ഈ വർഷം റവന്യൂ റെസീപ്റ്റ്സിൽ വർധനവുണ്ടായിട്ടുണ്ട്. വരുമാന വർധനവിനോടനുബന്ധിച്ച് പല മേഖലകളിലേയും കുടിശ്ശിക ഒരു പരിധിവരെ വിതരണം ചെയ്യാൻ സാധിച്ചിട്ടുണ്ട്. സ്കീം വർക്കേഴ്സിന് ഏറ്റവും കൂടുതൽ വേതനം നൽകുന്ന സംസ്ഥാനമാണ് കേരളം. ജസ്റ്റിസ് വി. കെ. മോഹനൻ അധ്യക്ഷനായ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് കോടതി വ്യവഹാരങ്ങൾക്കുള്ള ഫീസ് വർധിപ്പിച്ചത്. വില കൂടിയ ഇലക്ട്രിക്

വാഹനങ്ങൾക്ക് മാത്രമാണ് ബജറ്റിൽ നികുതി വർധിപ്പിച്ചിട്ടുള്ളത്. ഭൂനികുതിയുടെ കാര്യത്തിൽ വലിയ വർധന വരുത്തിയിട്ടില്ല. കാസർഗോഡ്, വയനാട്, ഇടുക്കി ജില്ലകൾക്ക് പ്രത്യേക പരിഗണന നൽകിയിട്ടുണ്ട്. 25 ലക്ഷം രൂപവരെയുള്ള ബില്ലുകൾ മാറുന്നതിന് ട്രഷറിയിൽ യാതൊരു നിയന്ത്രണവും ഏർപ്പെടുത്തിയിട്ടില്ല. കൂട്ടമായി ബില്ലുകൾ സമർപ്പിക്കുമ്പോഴുണ്ടാകുന്ന പ്രായോഗിക ബുദ്ധിമുട്ടുകൾ ഒഴിവാക്കാൻവേണ്ടിയാണ് സമയ പരിധി നിശ്ചയിച്ചിരിക്കുന്നത്. നവകേരള മിഷന്റെ ഭാഗമായി ഈ വർഷം ഓരോ നിയോജകമണ്ഡലത്തിനും 7 കോടി രൂപ വീതം അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ട്. DSR ഉം ആയി ബന്ധപ്പെട്ട പ്രായോഗിക ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതാണ്.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2025-ലെ കേരള ധനകാര്യ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

<u>രണ്ടാം വകുപ്പ്</u>

മന്ത്രി താഴെ പറയുന്ന ഔദ്യോഗിക ഭേദഗതികൾ അവതരിപ്പിച്ചു.

in sub-clause (20), in item (b), in article 18 of the schedule in column 3,-

(i) in sub-item (i) for the words " five hundred rupees per petitioner" , the words " Two hundred rupees per petitioner subject to a maximum of one thousand rupees" shall be substituted;

(ii) in sub-item (ii) for the words " Two hundred rupees per petitioner" , the words " One hundred rupees per petitioner subject to a maximum of five hundred rupees" shall be substituted.

152, 153, 154, 155, 156, 157, 160, 161, 162, 163, 164, 165, 166, 167, 169 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>മൂന്നാം വകുപ്പ്</u>

(ഭേദഗതികൾ ക്രമപ്രകാരമല്ല)

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>നാലാം വകുപ്പ്</u>

200, 204, 208, 219, 221, 226, 230, 234, 238, 239, 244, 246, 253, 255, 259, 264, 270 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെ പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

268. In section 30E(2) proposed to be substituted in the Kerala General Sales Tax Act, 1963 by clause 4(8) after the word " conveyance" the words " or both" shall be inserted.

മന്ത്രി അവതരിപ്പിച്ച ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

അഞ്ചാം വകുപ്പ്

271, 278 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ആറാം വകുപ്പ്

മന്ത്രി താഴെ പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

In sub-clause (6), after the words " or Tribunal" , the words, symbol and figures " with effect from the 1st day of July, 2017" shall be inserted.

290-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച ഭേദഗതി സഭ അംഗീകരിച്ചു.

290-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഏഴാം വകുപ്പ്

291-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭ നിരാകരിച്ചു.

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

എട്ട് മുതൽ പത്ത് വരെയുള്ള വകുപ്പുകൾ

(ഭേദഗതിയില്ല)

എട്ട് മുതൽ പത്ത് വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

എട്ട് മുതൽ പത്ത് വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

പതിനൊന്നാം വകുപ്പ്

304-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭ നിരാകരിച്ചു.

പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പന്ത്രണ്ട് മുതൽ പതിനെട്ട് വരെയുള്ള വകുപ്പുകൾ

(ഭേദഗതിയില്ല)

പന്ത്രണ്ട് മുതൽ പതിനെട്ട് വരെയുള്ള വകുപ്പുകൾ ബില്ലിന്റെ

ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പന്ത്രണ്ട് മുതൽ പതിനെട്ട് വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

<u>പത്തൊൻപതാം വകുപ്പ്</u>

305, 307 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

പത്തൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പത്തൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഇരുപതാം വകുപ്പ്</u>

313-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭ നിരാകരിച്ചു.

ഇരുപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഇരുപത്തിയൊന്നാം വകുപ്പ്</u>

(ഭേദഗതിയില്ല)

ഇരുപത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ

അംഗീകരിച്ചു.

ഇരുപത്തിയൊന്നാം വകുപ്പ്  ബില്ലിന്റെ ഭാഗമായി.

## ഇരുപത്തിരണ്ടാം വകുപ്പ്

315, 317, 319 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

ഇരുപത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## ഇരുപത്തിമൂന്ന്, ഇരുപത്തിനാല് വകുപ്പുകൾ

(ഭേദഗതിയില്ല)

ഇരുപത്തിമൂന്ന്, ഇരുപത്തിനാല് വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപത്തിമൂന്ന്, ഇരുപത്തിനാല് വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

## ഇരുപത്തിയഞ്ചാം വകുപ്പ്

ഭേദഗതികൾ അവതരിപ്പിച്ചില്ല.

ഇരുപത്തിയഞ്ചാം വകുപ്പ്  ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഇരുപത്തിയാറാം വകുപ്പ്</u>

327-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭ നിരാകരിച്ചു.

ഇരുപത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഇരുപത്തിയേഴാം വകുപ്പ്</u>

ഭേദഗതി അവതരിപ്പിച്ചില്ല.

ഇരുപത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഇരുപത്തിയെട്ടാം വകുപ്പ്</u>

(ഭേദഗതിയില്ല)

ഇരുപത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഇരുപത്തിയൊൻപതാം വകുപ്പ്</u>

330-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭ നിരാകരിച്ചു.

ഇരുപത്തിയൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപത്തിയൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>മുപ്പതാം വകുപ്പ്</u>

(ഭേദഗതിയില്ല)

മുപ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മുപ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>മുപ്പത്തിയൊന്നാം വകുപ്പ്</u>

ഭേദഗതി അവതരിപ്പിച്ചില്ല

മുപ്പത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മുപ്പത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഒന്നാം വകുപ്പും പീഠികയും പേരും</u>

112-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭ നിരാകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): 2025-ലെ കേരള ധനകാര്യ ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

2025-ലെ കേരള ധനകാര്യ ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

iv) 2025-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ

v) 2025-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2025-ലെ സർവ്വകലാശാല നിയങ്ങൾ (ഭേദഗതി) ബിൽ, 2025-ലെ

സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ എന്നിവ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): ഉന്നത വിദ്യാഭ്യാസമേഖലയിൽ കാലാനുസൃതമായ ഒട്ടേറെ പരിഷ്കാരങ്ങൾ കൊണ്ടുവരാനും സമഗ്രവും സമൂലവുമായ മാറ്റങ്ങൾ സൃഷ്ടിക്കാനും കഴിഞ്ഞിട്ടുണ്ട്. കാലഹരണപ്പെട്ട നിയമങ്ങളിൽ മാറ്റം വരുത്തുന്നതിനും പൊതുസർവകലാശാലകളെ ശാക്തീകരിക്കുന്നതിനും ഇവയുടെ ജനാധിപത്യ സ്വഭാവം കാത്തുസൂക്ഷിക്കുന്നതിനുമാണ് നിയമ ഭേദഗതികൊണ്ട് ലക്ഷ്യംവയ്ക്കുന്നത്. ഡിഗ്രി സർട്ടിഫിക്കറ്റുകളുടെ വിതരണത്തിലെ കാലതാമസം ഒഴിവാക്കുന്നതിനും ഗവേഷണ കൗൺസിൽ സ്ഥാപിക്കുന്നതിനും ഗവേഷണ ചട്ടങ്ങളും ഓഡിറ്റ് റൂൾസും പരിഷ്കരിക്കുന്നതിനുമുള്ള നിർദേശങ്ങൾ ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. അക്കാദമിക് കൊളാബറേഷൻ, ഇന്നൊവേഷൻ, ഇൻകുബേഷൻ എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനും ഡിഗ്നിഫൈഡ് സ്റ്റുഡന്റ്/ടീച്ചേഴ്സ് ലൈഫ് ഉറപ്പുവരുത്തുന്നതിനും വിദ്യാർത്ഥികളുടെ അവകാശങ്ങളും പരാതികളും

പരിഹരിക്കുന്നതിനും ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ, കോളേജ് കൗൺസിൽ, റിസർച്ച് പാർക്കുകൾ, ഇ.ആർ.പി. തുടങ്ങിയ കാര്യങ്ങളും ഉൾപ്പെടുത്തി വ്യവസ്ഥാപിതമായ നിയമം കൊണ്ടുവരാനാണുദ്ദേശിക്കുന്നത്.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: വിയോജിപ്പ് രേഖപ്പെടുത്തുന്നു. ഈ ബില്ലുകൾ പാസ്സാക്കുന്നതിലൂടെ സർവ്വകലാശാലകളുടെ സ്വയംഭരണാവകാശം നഷ്ടമാകുകയും വകുപ്പുമന്ത്രിക്ക് സർവ്വകലാശാലകളിൽ അമിതാധികാരം ലഭിക്കുകയും അക്കാദമികരംഗത്തെ രാഷ്ട്രീയ ഇടപെടൽ ആശങ്ക സൃഷ്ടിക്കുകയും ചെയ്യും. സർവ്വകലാശാലകളുടെമേൽ ഇതിനകം നിലനിൽക്കുന്ന രാഷ്ട്രീയ നിയന്ത്രണത്തെ സ്ഥാപനവൽക്കരിക്കപ്പെടുന്ന ഭേദഗതിയാണ് ഈ ബില്ലിലൂടെ മുന്നോട്ടുവച്ചിട്ടുള്ളത്. യൂണിവേഴ്സിറ്റികൾക്ക് ദേശീയതലത്തിൽ പുരസ്കാരങ്ങൾ ലഭിക്കുമ്പോഴും നിരവധി ബിരുദ സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്നുവെന്നത് പരിതാപകരമാണ്. വൈസ് ചാൻസലറുടെ അധികാരം വെട്ടിക്കുറയ്ക്കുകയും പ്രോ-ചാൻസലർക്ക് അധികാരം നൽകുകയും ചെയ്യുന്നതിലൂടെ സർവ്വകലാശാലകളിൽ സർക്കാരിന്റെ താല്പര്യം അടിച്ചേൽപ്പിക്കാനുള്ള അവസരമൊരുങ്ങും. സ്വയംഭരണാവകാശത്തെ ഇല്ലാതാക്കി സർക്കാർ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളാക്കി സർവ്വകലാശാലകളെ മാറ്റുന്ന തെറ്റായ നടപടികളാണ് ഈ ബില്ലിൽ വ്യവസ്ഥ

ചെയ്തിരിക്കുന്നത്.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: വിയോജിപ്പ് രേഖപ്പെടുത്തുന്നു. സർവകലാശാലകളെ ദുർബ്ബലപ്പെടുത്തുന്ന വ്യവസ്ഥകളാണ് ബില്ലിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. ബിൽ പാസ്സാക്കുന്നതോടുകൂടി സർവ്വകലാശാലകളിൽ അധികാര മത്സരമുണ്ടാകുകയും ഭരണസ്തംഭനമുണ്ടാവുകയും ചെയ്യും. വൈസ് ചാൻസലറുടെ അധികാരങ്ങൾ എടുത്തുകളഞ്ഞ് പ്രോ-ചാൻസലറായ വകുപ്പുമന്ത്രിക്ക് അക്കാദമികവും ഭരണപരവുമായ കാര്യങ്ങളിൽ നേരിട്ട് ഇടപെടുന്നതിനുള്ള അധികാരങ്ങൾ നൽകി സർവകലാശാലകളെ പൂർണ്ണമായും സർക്കാരിന്റെ അധീനതയിലുള്ള സ്ഥാപനങ്ങളാക്കി മാറ്റുന്ന നിർദേശമാണ് ബില്ലിലൂടെ മുന്നോട്ടുവച്ചിട്ടുള്ളത്. സർവകലാശാലകളുടെയും കോളേജുകളുടെയും അടിസ്ഥാനസൗകര്യങ്ങൾ, അക്കാദമിക് പ്രോഗ്രാമുകൾ, പരീക്ഷ നടത്തിപ്പുകൾ, സാമ്പത്തിക ഇടപാടുകൾ എന്നിവ സംബന്ധിച്ച് മന്ത്രിക്കോ മന്ത്രി ചുമതലപ്പെടുത്തുന്നവർക്കോ അന്വേഷണം നടത്താനുള്ള വ്യവസ്ഥ ബില്ലിൽ ഉൾപ്പെടുത്തുന്നതിലൂടെ സർവകലാശാലകളുടെ സ്വയംഭരണാവകാശം പൂർണ്ണമായും നഷ്ടപ്പെടുകയാണ്. ജെൻഡർ ന്യൂട്രൽ ലാംഗ്വേജ് ഉപയോഗിക്കാത്തതും കോളേജ് കൗൺസിലിൽ നിയമപരമായി ഇല്ലാത്ത തസ്തികയിലുള്ളവർ അംഗമായിരിക്കുമെന്ന് പറയുന്നതും ബില്ലിന്റെ പോരായ്മയാണ്.

ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ: വിയോജിപ്പ് രേഖപ്പെടുത്തുന്നു. സംസ്ഥാനത്തെ സർവകലാശാലകളിലെ അക്കാദമിക നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള നിർദേശങ്ങൾ ബില്ലിൽ ഉൾപ്പെടുത്തിയിട്ടില്ല. ഭേദഗതി നിയമമാകുന്നതോടെ സർവകലാശാലകളിലെ തിരഞ്ഞെടുപ്പിന്റെ പൂർണ അധികാരി രജിസ്ട്രാറായി മാറുന്നതാണ്. വൈസ് ചാൻസലറുടെ അധികാരങ്ങൾ വെട്ടിച്ചുരുക്കി അധികാരം മുഴുവനും വകുപ്പുമന്ത്രിയിലേക്ക് കേന്ദ്രീകരിക്കുന്ന വ്യവസ്ഥകളാണ് ബില്ലിലുള്ളത്. സർവകലാശാല നിയമഭേദഗതിയിൽനിന്ന് പിൻമാറാൻ സർക്കാർ തയ്യാറാകണം.

ശ്രീ. ഇ. കെ. വിജയൻ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. ജി. എസ്. ജയലാൽ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2025-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഉന്നത വിദ്യാഭ്യാസ മേഖലയ്ക്ക് മുന്തിയ പരിഗണന നൽകിക്കൊണ്ട് ആരംഭിച്ച പ്രവർത്തനങ്ങൾ ഇതിനകംതന്നെ കോളേജുകളിലും സർവകലാശാലകളിലും വലിയ മാറ്റങ്ങൾക്ക് വഴിവച്ചിട്ടുണ്ട്. കേരളം ലോകോത്തര ഉന്നതവിദ്യാഭ്യാസ ഹബ് ആകാൻ പോകുന്നുവെന്ന യാഥാർഥ്യം പുതിയ അക്കാദമിക വർഷത്തേക്ക് പ്രവേശനംതേടി കേരളത്തിലെ സർവകലാശാലകളിലേക്ക്

അപേക്ഷിക്കുന്ന വിദേശ വിദ്യാർഥികളുടെ എണ്ണം പരിശോധിച്ചാൽ മനസിലാകുന്നതാണ്. ഭരണഘടനയുടെ അന്തഃസത്ത ഉൾക്കൊള്ളാതെയും സംസ്ഥാന സർക്കാരുകളുടെ അഭിപ്രായങ്ങൾ പരിഗണിക്കാതെയും യു.ജി.സി. പുറപ്പെടുവിച്ച പുതിയ കരട് ചട്ടങ്ങൾ സർവകലാശാലകളുടെ നിയന്ത്രണം കേന്ദ്ര സർക്കാരിൽ നിക്ഷിപ്തമാക്കാനും സർവകലാശാലകളുടെ സ്വയംഭരണാവകാശത്തെ ദോഷകരമായി ബാധിക്കാനും ഇടയാക്കും. സർക്കാർ കോളേജുകളിലെ അധ്യാപക നിയമനങ്ങൾ പി.എസ്.സി. മുഖേന നടത്താൻ സാധിക്കാതെ വന്നാൽ സുതാര്യമായ നിയമന രീതിയും സംവരണ മാനദണ്ഡങ്ങളും ഇല്ലാതാകും. കേന്ദ്ര സർക്കാരിന്റെ പ്രതിലോമകരമായ നയങ്ങളെ ആവുംവിധം ചെറുക്കാനും സർവകലാശാല വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരമുയർത്തി അധ്യാപകർക്കും വിദ്യാർഥികൾക്കും അക്കാദമിക സ്വാതന്ത്ര്യം നൽകുന്നതിനും സർവകലാശാലകളുടെ സ്വയംഭരണാവകാശം നിലനിർത്തുന്നതിനും അവയെ ശാക്തീകരിക്കുന്നതിനും അനിവാര്യമായ ഭേദഗതികളാണ് അവതരിപ്പിച്ചിരിക്കുന്നത്.

ശ്രീ. കെ. എം. സച്ചിൻദേവ് ചുമതലപ്പെടുത്തിയതുപ്രകാരം <u>ശ്രീ. ലിന്റോ ജോസഫ്</u>: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2025-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ വീണ്ടും അതേ

സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. സർവകലാശാലകളിലെ കാവിവൽക്കരണത്തെ ശക്തമായി എതിർക്കുന്നതിനാണ് നിയമ ഭേദഗതി കൊണ്ടുവന്നിട്ടുള്ളത്. വൈജ്ഞാനിക സമൂഹത്തെ കെട്ടിപ്പടുക്കുന്നതിനും വലിയ മുന്നേറ്റങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുന്ന ഉന്നത വിദ്യാഭ്യാസമേഖലയെ കൂടുതൽ ഉയരങ്ങളിലേക്ക് കൊണ്ടുപോകുന്നതിനും കരുത്തേകുന്ന നിയമ ഭേദഗതിയാണ് കൊണ്ടുവന്നിട്ടുള്ളത്.

<u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2025-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. പൊതുസർവകലാശാലകളെ ശാക്തീകരിക്കുകയും അവയുടെ കാര്യനിർവഹണശേഷിയെ ആധുനികവൽക്കരിക്കുകയും ചെയ്യേണ്ടത് കാലാനുസൃതമായ ആവശ്യമാണ്. സർവകലാശാലകളുടെ സ്വയംഭരണാവകാശം ഉറപ്പുവരുത്തി സ്വതന്ത്രമായ പ്രവർത്തനത്തെ ശാക്തീകരിക്കാനുതകുന്ന നിർദേശങ്ങളാണ് ബില്ലിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. അക്കാദമികരംഗത്തെ അനഭിലഷണീയ പ്രവണതകളെ പ്രതിരോധിക്കാൻ നിയമഭേദഗതിയിലൂടെ

സാധിക്കുന്നതാണ്. ഭേദഗതി ബില്ലിൽ വിദ്യാർഥികളുടെയും അധ്യാപകരുടെയും അവകാശങ്ങൾ നിർണ്ണയിക്കുകയും പരാതി പരിഹാരത്തിന് സംവിധാനങ്ങൾ ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. സർവകലാശാലകളുടെ അവകാശങ്ങൾ കവർന്നെടുക്കുന്ന പുതിയ യു.ജി.സി. നിയമഭേദഗതിയെ ചെറുത്തുതോൽപ്പിക്കാനും വൈസ്ചാൻസലർ നിയമനങ്ങളിലടക്കമുള്ള സംസ്ഥാന സർക്കാരുകളുടെ അധികാരങ്ങൾ കവർന്നെടുക്കാനുമുള്ള ശ്രമത്തെ പ്രതിരോധിക്കാനും ആധുനിക വിദ്യാഭ്യാസ മേഖലയുടെ സംരക്ഷണം ഉറപ്പുവരുത്താനുതകുന്ന നിർദേശങ്ങൾ ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കോർപ്പറേറ്റ്വൽക്കരണത്തിന് ഇടവരാത്തവിധം ഉന്നതവിദ്യാഭ്യാസ രംഗത്തെ ശക്തീകരിക്കണം.

<u>ശ്രീ. ഐ. ബി. സതീഷ്</u>: സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2025-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ വീണ്ടും അതേ സബ്ജക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. സർവകലാശാലകളുടെ ഭരണത്തിന് മേൽനോട്ടം വഹിക്കാൻ പ്രോ-ചാൻസലർ ഉണ്ടാകേണ്ടത് അനിവാര്യമാണ്. ദേശീയ വിദ്യാഭ്യാസ നയം നടപ്പാക്കാത്ത സംസ്ഥാനങ്ങളെ യു.ജി.സി.-യെ ഉപയോഗിച്ച് കീഴ്പ്പെടുത്താൻ കേന്ദ്രസർക്കാർ ശ്രമിക്കുന്ന പശ്ചാത്തലത്തിൽ

സർവകലാശാല നിയമ ഭേദഗതിക്ക് കൂടുതൽ പ്രസക്തിയുണ്ട്. ഉന്നതവിദ്യാഭ്യാസ രംഗത്ത് കാവിവൽക്കരണം നടപ്പാക്കാനുള്ള ഉപകരണമായി യു.ജി.സി.-യെ മാറ്റിയത് പ്രതിഷേധാർഹമാണ്.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർവ്വകലാശാല നിയമങ്ങളെ കാലാനുസൃതമായി പരിഷ്കരിക്കുന്നതിന്റെ ഭാഗമായാണ് ബിൽ അവതരിപ്പിച്ചിട്ടുള്ളത്. അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ ദൂരീകരിക്കാൻ കഴിയുംവിധത്തിൽ തൊഴിലും വിദ്യാഭ്യാസവും തമ്മിലുള്ള വിടവ് നികത്തുന്നതിനുള്ള പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. ഉന്നത വിദ്യാഭ്യാസ മേഖലയിൽ ആറായിരം കോടി രൂപയോളം വിവിധ പദ്ധതികൾക്കായി ചെലവഴിച്ചിട്ടുണ്ട്. പ്രോ-ചാൻസലറുടെ അവകാശങ്ങൾ സംബന്ധിച്ചും വിദ്യാർത്ഥികളുടെ പരാതികൾ പരിഹരിക്കാൻ ഉന്നതവിദ്യാഭ്യാസ വകുപ്പിലെ ജോയിന്റ് സെക്രട്ടറി റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥൻ/അക്കാദമിക് വിദഗ്ധനെ നിയോഗിക്കുന്നത് സംബന്ധിച്ചും ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. സർവകലാശാലകളിലെ രജിസ്ട്രാർ, പരീക്ഷാ കൺട്രോളർ എന്നിവരെ വ്യവസ്ഥാപിതമായ മാർഗങ്ങളിലൂടെയാണ് നിയമിക്കുന്നത്. സംസ്ഥാനത്ത് നിലനിൽക്കുന്ന നിയമങ്ങളിലെ ജടിലതകൾ തിരുത്തി കാലാനുസൃതമായ മാറ്റങ്ങൾ ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

അധ്യാപകരുടെയും വിദ്യാർഥികളുടെയും ഗവേഷകരുടെയും നിർദേശങ്ങൾ സ്വീകരിച്ച് വിദ്യാർഥികളുടെ അവകാശപ്രഖ്യാപനംകൂടി ഉൾപ്പെടുത്തിയ നിയമനിർമ്മാണമാണ് സർവകലാശാലകളുമായി ബന്ധപ്പെട്ട് കൊണ്ടുവന്നിരിക്കുന്നത്.

(മന്ത്രി പ്രസംഗമധ്യേ നടത്തിയ ചില പരാമർശങ്ങളിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ സ്പീക്കറുടെ ഡയസ്സിന് മുന്നിൽ വന്നുനിന്ന് ബഹളം വയ്ക്കുകയും പ്രതിപക്ഷനേതാവ് പ്രസ്താവന നടത്തിയശേഷം പ്രതിപക്ഷം ഒന്നടങ്കം തുടർന്നുള്ള സഭാനടപടികൾ ബഹിഷ്കരിക്കുകയും ചെയ്തു.)

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

2025-ലെ സർവ്വകലാശാല നിയമങ്ങൾ ഭേദഗതി ബിൽ, 2025-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ എന്നിവ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപം സഭ അംഗീകരിച്ചു.

ബില്ലുകൾ പരിഗണനയ്ക്കെടുത്തു.

2025-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ

രണ്ടാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതികൾ അവതരിപ്പിച്ചു.

1057. In section 8(5) proposed to be inserted in the Kerala

University Act, 1974 by caluse 2(c) for the words " person or persons" the words " officer or officers of the Higher Education Department not below the rank of Joint Secretary or academic expert not below the rank of Professor." shall be substituted.

1058. Section 10(13) proposed to be inserted in the Kerala University Act, 1974 by clause 2(d) shall be recast as follows:

" (13) If at any time, except when any authority, body or various councils, as the case may be in session, the Vice-Chancellor is satisfied that an emergency has arisen requiring him to take immediate action involving exercise of any power vested in the authority, body or various councils, the Vice-Chancellor may take such action as he deems fit, and shall, as soon as may be, report the action taken by him to the authority, body or various councils, as the case may be for approval." .

1059. Section 30A(4) proposed to be inserted in the Kerala University Act, 1974 by clause 2(p) shall be recast as follows:

" (4) Students have a right to be member of any recognised student organisation of their choice and to participate in its activities, provided that the purposes of such organisation shall be lawful. Every such group shall have the right to publicise their ideas, hold meetings, debate any matter, and engage in lawful and peaceful demonstration." .

1060. In section 30A(5) proposed to be inserted in the Kerala University Act, 1974 by clause 2(p) shall be deleted and the remaining section shall be renumbered accordingly.

133, 136, 137, 140, 165, 173, 181, 183, 184, 191, 195, 197, 221, 236, 243, 250, 258, 260, 261, 264, 265, 272, 281, 324, 325, 328, 342, 360, 383, 386 389, 390, 395, 435, 441, 454, 457, 462 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിച്ചു.

166. In section 8(3) proposed to be substituted in the Kerala University Act, 1974 by clause 2(c) for the word " affairs" the word " matters" shall be substituted.

268. In the item (a) under the heading 'Other Members' in section 21 proposed to be substituted in the Kerala University Act, 1974 by clause 2(h)(ii)(a) for the word " Eight" the word " Ten" shall be substituted.

367. In the proviso to section 28(3) proposed to be substituted in the Kerala University Act, 1974 by clause 2(n) for the word " lesser" the word " less" shall be substituted.

384. In section 30A(2) proposed to be inserted in the Kerala University Act, 1974 by clause 2(p), for the words " a right" the words " the right" shall be substituted.

396. In section 30A(6) proposed to be inserted in the Kerala University Act, 1974 by clause 2(p) for the word " regularly" the word " yearly " shall be substituted.

410. In section 30C(6)(e) proposed to be inserted in the Kerala University Act, 1974 by clause 2(p) for the word " work" the word " works" shall be substituted.

440. In clause 2(v) for the word " Kerala" the words " the Kerala" shall be substituted.

469. In section 80C(2) proposed to be inserted in the Kerala University Act, 1974 by Clause 2(zd), for the word " updated" the word " amended" shall be substituted.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഭേദഗതിയോടെ ഔദ്യോഗിക

ഭേദഗതിയായി അവതരിപ്പിച്ചു.

404. The section 30C(3) proposed to be inserted in the Kerala University Act, 1974 by clause 2(p) shall be recast as follows:

" (3) Teachers or their recognized organisations may distribute and display written or printed or electronic material in campus without prior approval of the University so long as the distributed material is consistent with University policy and State law. The person or persons including the organisation representing them responsible for such material must be clearly indicated."

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

183. In section 8(5) proposed to be substituted in the Kerala University Act, 1974 by clause 2(c), for the word " work" the word " works" shall be substituted.

272. The item(a)(i) under the heading " Other Members" in section 21 proposed to be substituted in the Kerala University Act, 1974 by clause 2(h)(ii)(a) shall be recast as follows:-
" (i)six shall be persons who are not teachers, of whom one shall be a person belonging to a Scheduled Caste or Scheduled Tribe and one shall be a woman."

324. The proviso proposed to be inserted in the Kerala University Act, 1974 after the existing proviso to section 24(4) by clause 2(j)(viii) shall be recast as follows:
" Provided further that, member of the Academic Council shall continue to hold office until his successor enters upon his office."

383. In section 30A(1) of the Kerala University Act, 1974 proposed to be inserted by clause 2(p), after the word " course" the words " or programme" shall be inserted.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ ഭേദഗതികളോടെ സ്വീകരിച്ചു.

181. In section 8(5) proposed to be substituted in the Kerala University Act, 1974 by clause 2(c), for the words " maintained by" the words " or affiliated to" shall be substituted.

243. Section 11 (3) proposed to be substituted in the Kerala University Act, 1974 by clause 2(e) (ii) shall be recast as follows;

" (ii) The Pro-Vice-Chancellor shall be a whole-time salaried academic and administrative officer of the University and who has held the post of Professor or Associate Professor."

മന്ത്രി അവതരിപ്പിച്ച ഭേദഗതികളും സ്വീകരിച്ച ഭേദഗതികളും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>മൂന്നാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതികൾ അവതരിപ്പിച്ചു.

1061. In section 8(5) proposed to be inserted in the Calicut University Act, 1975 by clause 3(c) for the words " person or persons" the words " officer or officers of the Higher Education Department not below the rank of Joint Secretary or academic expert not below the rank of Professor." shall be substituted.

1062. Section 30A(4) proposed to be inserted in the Calicut University Act, 1975 by clause 3(p) shall be recast as follows:
" (4) Students have a right to be member of any recognised student organisation of their choice and to participatein its activities, provided that the purposes of such organisation shall be lawful. Every such group shall have the right to

publicise their ideas, hold meetings, debate any matter, and engage in lawful and peaceful demonstration.” .

1063. In section 30A(5) proposed to be inserted in the Calicut University Act, 1975 by clause 3(p) shall be deleted and the remaining sections shall be renumbered accordingly.

1064. In section 68U(2) proposed to be inserted in the Calicut University Act, 1975 by clause 3(zc) the words “ on agreement” shall be deleted.

478, 479, 480, 481, 482, 483, 484, 485, 499, 503, 512, 520, 523, 529, 548, 557, 569, 571, 572, 573, 576, 588, 629, 647, 649, 650, 654, 655, 656, 657, 658, 675, 680, 681, 690, 692, 693, 694, 698 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിച്ചു.

513. In section 8(5) proposed to be substituted in the Calicut University Act, 1975 by clause 3(c) after the words “ maintained by” the words “ or affiliated to” shall be inserted.

577. In item (a) under the heading “ Other Members” in section 21 proposed to be substituted in the Calicut University Act, 1975 by clause 3(h)(ii) (a) for the word “ Eight” the word “ Ten” shall be substituted.

580. In item (a)(i) under the heading "Other Members" in section 21 proposed to be substituted in the Calicut University Act, 1975 by clause 3(h)(ii)(a) for the word "four" the word "six" shall be substituted.

643. After section 25A(6) proposed to be inserted in the Calicut University Act, 1975 by clause 3(l) the Following sub section shall be inserted.

"(7) one-half of the total members constitute the quorum of the meeting."

659. In section 30A(6) proposed to be inserted in the Calicut University Act, 1975 by clause 3(p) for the word "regularly" the word "yearly" shall be substituted.

703. In section 79C(2) proposed to be inserted in the Calicut University Act, 1975 by clause 3(zd) for the word "updated" the word "amended" shall be substituted.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഭേദഗതിയോടെ ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

663. Section 30C(3) proposed to be inserted in the Calicut University Act, 1975 by Clause 3(p) shall be recast as follows:-

"Teachers or their recognized organisations may distribute and display written or printed or electronic material in campus without prior approval of the University so long as the distributed material is consistent with University policy and State law. The person or persons including the organisation

representing them responsible for such material must be clearly indicated."

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

523. In section 10(13) proposed to be substituted in the Calicut University Act, 1975 by clause 3(d) shall be recast as follows:
" If at any time, except when any authority, body or various councils, as the case may be is in session, the Vice-Chancellor is satisfied that an emergency has arisen requiring him to take immediate action involving the exercise of any power vested in the authority, body or various councils, the Vice-Chancellor may take such action as he deems fit, and shall, as soon as may be, report the action taken by him to the authority, body or various councils, as the case may be, for approval."

629. In section 24(4) proposed to be inserted in the Calicut University Act, 1975, by clause 3(j)(viii) shall be recast as follows:
" Provided further that, member of the Academic Council shall continue to hold office until his successor enters upon his office' '

654. In section 30A(1) proposed to be inserted in the Calicut University Act, 1975 by clause 3(p) after the word " course" the words " or programme" shall be inserted.

680. In section 45(2) proposed to be amended in the Calicut University Act, 1975 by clause 3(v), after the words " bank or" , the word " the" shall be inserted.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഭേദഗതിയോടെ സ്വീകരിച്ചു.

548. In section 11(3) proposed to be amended in the Calicut University Act, 1975 by clause 3(e)(iii) after the words " post of" the words " Professor or Associate Professor" shall be inserted.

മന്ത്രി അവതരിപ്പിച്ച ഭേദഗതികളും സ്വീകരിച്ച ഭേദഗതികളും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>നാലാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതികൾ അവതരിപ്പിച്ചു.

1065. In section 8(5) proposed to be inserted in the Mahatma Gandhi University Act, 1985 by clause 4(b) for the words "person or persons" the words "officer or officers of the Higher Education Department not below the rank of Joint Secretary or academic expert not below the rank of Professor." shall be substituted.

1066. Clause 4(e) shall be recast as follows:
"(e) In section 17,

(i) Under the heading "Ex-officio Members" after item (i) the following item shall be inserted namely:–
"(ia) Pro-Chancellor;"
(ii) Under the heading "Other Members", after item (3), the following item shall be inserted, namely:–
"(3a) Not more than five members nominated by the Government from the field of Higher Education of whom one shall be a woman and one shall be from Scheduled Caste or Scheduled Tribe communities."."

1067. Section 30A(4) proposed to be inserted in the Mahatma Gandhi University Act, 1985 by clause 4(q) shall be recast as follows:
"(4) Students have a right to be member of any recognised student organisation of their choice and to participate in its activities, provided that the purposes of such organisation shall be lawful. Every such group shall have the right to publicise their ideas, hold meetings, debate any matter, and engage in lawful and peaceful demonstration.".

1068. In section 30A proposed to be inserted in the Mahatma Gandhi University Act, 1985 by clause 4(q)
(i) Sub-section (5) shall be deleted and the remaining sections shall be renumbered accordingly.
(ii) In sub-section (5) so renumbered for the word "regularly" the word "yearly" shall be substituted.

1069. In section 30C(3) proposed to be inserted in the Mahatma Gandhi University Act, 1985 by clause 4(q) after the word "persons" the words "including organisation representing them" shall be inserted.

1070. In section 89B(2) proposed to be inserted in the Mahatma Gandhi University Act, 1985 by clause 4(zb) for the word

"updated" the word "amended" shall be substituted.

713, 715, 717, 718, 724, 726, 728, 743, 745, 761, 768, 783, 791, 808, 814, 819, 823, 827, 828, 829, 831, 832, 838, 858, 864, 874 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിച്ചു.

738. In section 8(5) proposed to be substituted in the Mahatma Gandhi University Act, 1985 by clause 4(b) after the words "maintained by" the words "or affiliated to" shall be inserted.

807. In second proviso to section 24(4) proposed to be substituted in the Mahathma Gandhi University Act, 1985 by clause 4(k) for the word "he" the words "member of the Academic Council" shall be substituted.

844. In section 30C(6)(e) proposed to be inserted in the Mahatma Gandhi University Act, 1985 by clause 4(q) the words "work" the word "works" shall be substituted.

857. In clause 4(v) after the words "bank or" the word "the" shall be inserted.

863. In section 59(9) proposed to be substituted in the Mahatma Gandhi University Act, 1985 by clause 4(y)(ii) for the word "statues" the word "statutes" shall be substituted.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ ഭേദഗതികളോടെ ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിച്ചു.

770. Section 11(3) proposed to be substituted in the Mahatma Gandhi Act 1985 by clause 4(d)(ii) shall be recast as

follows:-

"The Pro-Vice-Chancellor shall be a whole-time salaried academic and administrative officer of the University and who has held the post of Professor or Associate Professor."

784. In item (a) under the heading "Other Members" in section 21 proposed to be substituted in the Mahatma Gandhi University Act, 1985 by clause 4(h), for the word "Eight" the word "Ten" shall be substituted.

786. In item (a)(1) under the heading "Other Members" in section 21 proposed to be substituted in the Mahatma Gandhi University Act, 1985 by clause 4(h), shall be recast as follows;

"(i)six shall be persons who are not teachers, of whom one shall be a person belonging to a Scheduled Caste or Scheduled Tribe and one shall be a woman."

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

745. Section 10(17) proposed to be substituted in the Mahatma Gandhi University Act, 1985 by clause 4(c) shall be recast as follows:

" (17) If at any time, except when any authority, body or various councils, as the case may be is in session, the Vice-Chancellor is satisfied that an emergency has arisen requiring him to take immediate action involving the exercise of any power vested in the authority, body or various councils, the Vice-Chancellor may take such action as he deems fit, and shall, as soon as may be, report the action taken by him to the authority, body or various councils, as the case may be, for approval."

827. In section 30A(1) proposed to be inserted in the Mahatma Gandhi University Act, 1985 by clause 4(q) after the word "course" the words "or programme" shall be inserted.

